മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 28 THE ONLINE OFFICIAL NEWS BULLETIN 2026 July 09

SEASON OF PENTECOST പെന്തിക്കോസ്തികാലം ܥܕܢܐ ܕܦܢܛܝܩܘܣܛܝ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
12  6 7th Sunday after Pentecost 5th Mem. of H.H. Baselios Marthoma Paulose II (Devalokam Catholicate Aramana)	13 2	14 6	15  2 Comme. of the Martyrs St. Kuriakose, Mother Marth Yuliethi & St. Abhai of Nicia	16 6	17 2	18 6



സൗരോർജ പ്രഭയിൽ ദേവലോകം

ദേവലോകം: മലങ്കരസഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ 100 കിലോ വാട്ടിന്റെ ഓൺഗ്രിഡ് സൗരോർജ പ്ലാന്റ് പ്രവർത്തന ക്ഷമമായി. സ്വിച്ച് ഓൺ കർമ്മം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അരമന മാനേജർ ഫാ. യാക്കോബ് റമ്പാൻ, ഫാ സജി യോഹന്നാൻ, ഡെപ്യൂട്ടി സെക്രട്ടറി പി. യു കുര്യൻ, എൽസോൾ പവർ സെല്യൂഷൻസ് എം.ഡി. ടിൻസു കുര്യൻ തുടങ്ങിയവർ സംബന്ധിച്ചു.



കൊട്ടാരക്കര-പുനലൂർ ഭദ്രാസനത്തിലെ അമ്പലത്തുംകാല സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശ പരിശുദ്ധ കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.



പരിശുദ്ധ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ സംഘടിപ്പിച്ച നിത്യസ്മൃതി അനുസ്മരണ സമ്മേളനം പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.



കാതോലിക്കേറ്റ് അരമനയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അഞ്ചാം ഓർമ്മപ്പെരുന്നാൾ കൊടിയേറി. നിലയ്ക്കൽ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ജോഷ്വാ മാർ നിക്കോദിമോസ് കൊടിയേറ്റ് കർമ്മം നിർവ്വഹിച്ചു. വിശുദ്ധ കുർബാനയ്ക്ക് മെത്രാപ്പോലീത്താ മുഖ്യകാർമ്മികത്വം വഹിച്ചു. അരമന മാനേജർ ഫാ. യാക്കോബ് റമ്പാൻ, അസി. മാനേജർ ഫാ. ഗീവർഗീസ് ജോൺസൺ എന്നിവർ സഹകാർമ്മികരായി.

കൊടുങ്ങല്ലൂർ മുസിരിസ് പട്ടണത്തിൽ മാർത്തോമ്മൻ സ്മൃതിമന്ദിരം

കൊടുങ്ങല്ലൂർ: മലങ്കരസഭയുടെ സ്ഥാപക പിതാവ് വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പാദമുദ്ര പതിഞ്ഞ കൊടുങ്ങല്ലൂർ മുസിരിസ് പട്ടണത്തിൽ ആ പിതാവിന്റെ നിത്യസ്മരണക്കായി മാർത്തോമ്മൻ സ്മൃതിമന്ദിരം ഉയരുന്നു. ട്രാനോഡ് ബിൽഡേഴ്സ് ആൻഡ് കോൺട്രാക്ടേഴ്സ് പ്രതിനിധി പരിശുദ്ധ കാതോലിക്കാ ബാവായിൽ നിന്ന് നിർമ്മാണ കരാർ ഏറ്റുവാങ്ങി. 12 മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കപ്പെടും. മലങ്കരസഭയുടെ മുൻ അൽമായ ട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റ് സഭയ്ക്കായി നൽകിയ സ്ഥലത്താണ് ചരിത്ര സ്മാരകം ഉയരുന്നത്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സഭാനേതൃത്വത്തിനു ഒരുത്തമ 'റോൾ മോഡൽ'

ഫാ. റ്റി. ജെ. ജോഷ്വാ

"എങ്കിലും എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല; എന്റെ ഓട്ടവും ദൈവകൃപയാൽ സുവിശേഷത്തിനു സാക്ഷ്യം പറയേണ്ടതിനു കർത്താവായ യേശു തന്ന ശുശ്രൂഷയും തികയ്ക്കേണം എന്നേ എനിക്കുള്ളു" (അ. പ്ര. 20:24).

പരിശുദ്ധനായ പൗലോസ് ശ്ലീഹായുടെ ഈ വാക്കുകൾ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ നാവിൽ നിന്നുയരാൻ അനുയോജ്യമായവയായി ഞാൻ കാണുന്നു. എഴുപത്താറു വർഷം നീണ്ടു നിന്ന ഒരു ധന്യജീവിതവും പ്രവർത്തന ചരിത്രവും പരിശോധിച്ചാൽ ആ വാക്കുകളുടെ സാക്ഷാൽക്കാരമായിരുന്നു എന്നു മനസ്സിലാകും. സംഭവബഹുലവും സംഘർഷാത്മകവുമായ ഒരു കാലഘട്ടത്തിൽ രംഗവേദിയിലെത്തിയത് സംഭവങ്ങളുടെ മൂകസാക്ഷിയാകുവാനായിരുന്നില്ല; പ്രവർത്തനങ്ങളുടെ നേതൃത്വം ഏറ്റെടുത്ത് ശരിയായ ദിശാബോധത്തോടെ സഭാനൗകയെ നയിക്കുവാനായിരുന്നു. ആഞ്ഞടിച്ച നവീകരണ കൊടുങ്കാറ്റിൽ ആടിയുലഞ്ഞ സഭാനൗകയെ സത്യവിശ്വാസ തീരത്തും സ്വാതന്ത്ര്യ തുറമുഖത്തും എത്തിച്ചത് ആ വിദഗ്ധ മാലുമിയുടെ കർമ്മപാടവത്താലാണ്. ഒരേസമയത്ത് ഒന്നിലധികം എതിരാളികളോട് അങ്കം വെട്ടി വിജയം വരിച്ച ഒരു ധർമ്മ ഭടനെന്നും അദ്ദേഹത്തെ വിശേഷിപ്പിക്കാം.

ആത്മാർപ്പണം ചെയ്ത് കർമ്മനിരതനായി അദ്ദേഹം രംഗപ്രവേശം ചെയ്തപ്പോൾ എന്തായിരുന്നു സഭയുടെ അവസ്ഥ? പാശ്ചാത്യ മിഷനറിമാരുടെ – സി. എം. എസ്. മിഷനറിമാരുടെ – പ്രവർത്തന സ്വാധീനത്താൽ നവീകരണോപദേശങ്ങളും സിദ്ധാന്തങ്ങളും പ്രചരിക്കുന്ന കാലം. ആ കടൽകാറ്റിന്റെ ഗതിവേഗം കൂട്ടാൻ കരുത്തനും, ഉഗ്രപ്രതാപിയും അതുല്യപ്രഭാവനുമായ മാത്യൂസ് മാർ അത്താനാസ്യോസ് (പാലക്കുന്നത്ത്) മലങ്കരമെത്രാപ്പോലീത്താ ആയിട്ടുണ്ട്. തുറുപ്പുചീട്ടായി അദ്ദേഹത്തിനു രണ്ടു അവകാശവാദങ്ങൾ ഉയർത്തിപ്പിടിക്കാനുണ്ടായിരുന്നു: തന്റെ സ്ഥാനം അംഗീകരിച്ചുകൊണ്ടുള്ള രാജകീയ വിളംബരവും; അന്ത്യോക്യൻ പാത്രിയർക്കീസിൽ നിന്നും നേരിട്ടു പട്ടമേറ്റു എന്ന അവകാശവും. മിഷനറിമാരുടെയും അവർ വഴി ഗവൺമെന്റിന്റെയും ഒത്താശകളും ആനുകൂല്യങ്ങളും നിഷ്പ്രയാസം ലഭ്യമാക്കാവുന്ന അവസ്ഥയും അദ്ദേഹത്തിനുണ്ടായിരുന്നു.

താൻ പ്രതിരോധിക്കേണ്ട ശത്രു എത്രമാത്രം സുശക്തനും അജയ്യനും ആണെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. തന്നെ സംബന്ധിച്ചിടത്തോളം "ഇല്ലായ്മകളുടെ" പട്ടിക മാത്രമേ കയ്യിലുള്ളു. സ്വന്തമായി ഒരു ആസ്ഥാനമില്ല. വൈദികരെ പരിശീലിപ്പിച്ചു സജ്ജമാക്കാൻ ഉതകുന്ന സെമിനാരിയില്ല. രാജവാഴ്ച നിലനിന്ന അക്കാലത്ത് രാജകീയ വിളംബരത്തിന്റെ പിൻബലമില്ല. വ്യവഹാരം നടത്തി കോടതിവിധിയിൽകൂടി എല്ലാം നേടിയെടുക്കണം. പക്ഷേ, അതിനാവശ്യമായ പണമില്ല. ആൾബലവും താരതമ്യേന പരിമിതം. ഏതൊരു നേതാവിനെയും നിരാശനും നിർവീര്യനുമാക്കുന്ന സാഹചര്യമാണ് തന്റെ മുമ്പിലുള്ളത്. ഒരു യുദ്ധതന്ത്രജ്ഞന്റെ ദീർഘദൃഷ്ടിയോടും സൂക്ഷ്മതയാർന്ന കരുതലോടെയുമാണ് അദ്ദേഹം കരുക്കൾ നീക്കിയത്. മാനുഷികമായ ബുദ്ധിയും ദൈവികമായ ആലോചനയും ഒന്നുചേരുമ്പോൾ തടസ്സങ്ങൾ നീങ്ങുകയും വിജയം വന്നണയുകയും ചെയ്യും.

മാത്യൂസ് അത്താനാസ്യോസിനെ പ്രതിരോധിക്കുകയാണ് തന്റെ മുമ്പിലെ ഒന്നാമത്തെ ദൗത്യം. കടിച്ച പാമ്പിനെ വരുത്തി വിഷം ഇറക്കുക എന്നൊരു രീതി നമ്മുടെ നാട്ടിൽ നടപ്പുണ്ട്. അതുപോലെ പാത്രിയർക്കീസിനെ ഇവിടെ വരുത്തി മാത്യൂസ് അത്താനാസ്യോസിനെ സ്ഥാനഭ്രഷ്ഠനാക്കി സ്വന്തം സ്ഥാനവും അധികാരവും സ്ഥാപിക്കുവാനാണ് ശ്രമിച്ചത്. അതിൻപ്രകാരം




ഓർമ്മ ജൂലൈ 11-നു
കോട്ടയം പഴയസെമിനാരിയിൽ

പത്രോസ് തൃതീയൻ പാത്രിയർക്കീസിനെ മലങ്കരയിൽ ക്ഷണിച്ചു വരുത്തി നവീകരണ മുന്നേറ്റത്തിനു തടയിടുവാൻ ശ്രമിച്ചു. ഒട്ടകത്തിനു തല വെയ്ക്കുവാൻ ഇടം കൊടുത്തപ്പോൾ തലയും ഉടലും അകത്താക്കി എന്നു പറയുംപോലെ ലഭിച്ച സന്ദർഭം മുതലാക്കി പാത്രിയർക്കീസിന്റെ അധികാരം മലങ്കരസഭയുടെ മേൽ അടിച്ചേൽപ്പിക്കുവാൻ പരദേശിതലവൻ ശ്രമിച്ചു. മലങ്കരസഭയെ തന്റെ കൈക്കുമ്പിളിൽ ഒതുക്കുവാനുള്ള ഉദ്യമം ഒളിഞ്ഞും തെളിഞ്ഞും പാത്രിയർക്കീസു നടത്തി. ആ നീക്കങ്ങളെയെല്ലാം ഒരു അങ്കം വെട്ടുകാരന്റെ മെയ്വഴക്കത്തോടെ അദ്ദേഹം തോൽപ്പിച്ചു എന്നു പറയാം. ശീമക്കാർക്ക് പരിചിതമായ മുടക്ക് എന്ന വജ്രായുധം രണ്ടു വട്ടം മെത്രാപ്പോലീത്തായിക്കെതിരായി പാത്രിയർക്കീസ് പ്രയോഗിച്ചിട്ടും അതു വിലപ്പോയില്ല. മലങ്കര മെത്രാപ്പോലീത്തായുടെ ഏകനായകത്വത്തിനറുതി വരുത്തിയാൽ അദ്ദേഹത്തെ ചൊൽപ്പടിക്കു നിറുത്താമെന്ന വ്യാമോഹം പാത്രിയർക്കീസിനുണ്ടായി. അങ്ങനെ പുതുതായി ആറു പേരെ മെത്രാന്മാരാക്കുകയും മലങ്കരസഭയെ വിഭജിച്ച് അവരെ ഏൽപ്പിക്കുകയും ചെയ്തു.

ഒരു നേതാവിന്റെ മികവ് എതിർപ്പുകളെ അക്ഷോഭ്യനായി നേരിട്ട്, ബുദ്ധി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



പൂർവ്വകമായ നീക്കങ്ങളിൽ കൂടി അവയെ പരാജയപ്പെടുത്തുകയാണ്. അതോടൊപ്പം ക്രിയാത്മകങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും വേണം. ഉത്തമരായ വൈദികരാണ് സഭയുടെ ചാലകശക്തി. കോട്ടയം പഴയസെമിനാരി നവീകരണക്കാരുടെ അധീനതയിൽ ആവുകയും വൈദികപരിശീലനം അസാധ്യമാവുകയും ചെയ്ത സാഹചര്യത്തിൽ മറ്റൊരു പരിശീലനകേന്ദ്രം കണ്ടെത്തുകയായിരുന്നു ആവശ്യം. അങ്ങനെയാണ് പരുമല സെമിനാരി ആരംഭം കുറിക്കുന്നത്. അതിന്റെ ചുമതല വഹിക്കുവാൻ ഏറ്റവും അനുയോജ്യനായ ഒരാളിനെ കണ്ടെത്തിയതാണ് കഥാപുരുഷന്റെ വലിയ നേട്ടം. പരിശുദ്ധനായ പരുമല തിരുമേനി അന്നു കൊച്ചുമെത്രാച്ചൻ! പക്ഷേ, ആ ദിവ്യപുരുഷന്റെ മഹത്വവും ഔന്നത്യവും തിരിച്ചറിയാനുള്ള കഴിവ് വലിയതിരുമേനി (പുലിക്കോട്ടിൽ തിരുമേനി) ക്കുണ്ടായിരുന്നു. ഓരോ സ്ഥാനത്തേക്കും അനുയോജ്യരായ വ്യക്തികളെ കണ്ടെത്തി ചുമതലകൾ ഏല്പിക്കുകയാണ് ഉത്തമ നേതൃത്വം ചെയ്യുന്നത്. മറ്റുള്ളവരുടെ കഴിവുകളെ മനസ്സിലാക്കാനും, മാനിക്കാനും കഴിയുന്നവനായിരിക്കും ഉത്തമ നേതാവ്. താൻ മാത്രമാണ് കഴിവും മികവുമുള്ളവൻ എന്നു നടിച്ചുകൊണ്ട് മറ്റുള്ളവരെ അവഗണിക്കുകയും ഒഴിവാക്കുകയും ചെയ്യുന്ന വ്യക്തി എത്രതന്നെ സമർത്ഥനായിരുന്നാലും അയാളുടെ ദൗത്യം വിജയിക്കുകയില്ല. തന്നെക്കാൾ പ്രായത്തിൽ ചെറുപ്പമെങ്കിലും, പ്രാർത്ഥനാനുഭവത്തിൽകൂടിയും, തപശ്ചര്യകളിൽകൂടിയും ആത്മീയചൈതന്യം ആർജ്ജിച്ചിരുന്ന പരുമല തിരുമേനിയെ ആദരിക്കുന്നതിനും, അദ്ദേഹത്തിന്റെ ആലോചന സ്വീകരിക്കുന്നതിനും പുലിക്കോട്ടിൽ തിരുമേനിക്കു കഴിഞ്ഞു. പരുമലതിരുമേനിയുടെ ശിഷ്യത്വത്തിൽ വളർന്ന മഹാരഥന്മാരാണ് പിന്നീട് സഭാനൗകയെ നയിക്കുവാൻ നിയുക്തരായത്.

ഒരു യഥാർത്ഥ നേതാവ് തന്റെ അനുയായികളെ പ്രബുദ്ധരാക്കുന്നതിൽ ദത്തശ്രദ്ധനായിരിക്കും. അതിന് എന്തൊക്കെ ചെയ്യണം? മുൻഗണനാക്രമത്തിൽ നടപ്പാക്കേണ്ട കാര്യങ്ങൾ ആസൂത്രണം ചെയ്യും.

ഒന്ന്: വിദ്യാഭ്യാസരംഗത്ത് ഏറെ പ്രവർത്തിക്കേണ്ട സാഹചര്യമായിരുന്നു അത്. ഇംഗ്ലീഷ് മിഷനറിമാർ ഇവിടെ ഈ രംഗത്ത് പ്രശംസാർഹമായ കാൽവെയ്പുകൾ നടത്തിയിരുന്നു. ജാതിവ്യവസ്ഥ കൊടികുത്തി വാണിരുന്ന കാലം; അവർണ്ണരായ അധഃസ്ഥിതരുടെ അവശതകളും പരാധീനതകളും വീർപ്പുമുട്ടിക്കുന്ന അവസ്ഥയിൽ; വിദ്യാലയങ്ങൾ അംഗുലീപരിമിതവും. ഈ സാഹചര്യത്തിൽ മാർ ദീവന്നാസ്യോസിന്റെ ശ്രദ്ധ വിദ്യാഭ്യാസരംഗത്തേക്കു തിരിഞ്ഞു. അംശവടിയും മോതിരവും മറ്റും കൂടെക്കൂടെ പണയം വെച്ചു പണമുണ്ടാക്കിയാണ് വിദ്യാലയങ്ങൾ നാടെങ്ങും തുടങ്ങുവാൻ മുതിർന്നത്. വളരുന്ന തലമുറയെ പ്രബുദ്ധരാക്കുക എന്നതു മാത്രമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

രണ്ട്: സാംസ്ക്കാരിക രംഗത്തെ വളർച്ചയും പ്രബുദ്ധതയുടെ ഭാഗം തന്നെ. ഇവിടെ മാധ്യമങ്ങൾക്ക് ഒരു വലിയ പങ്കു വഹിക്കാനുണ്ട്. അന്ന് അച്ചടി മാധ്യമം ആരംഭിച്ചിട്ടേയുള്ളു. ഒരു അച്ചുകൂടം സ്ഥാപിച്ച് പ്രാർത്ഥനാപ്പുസ്തകങ്ങളും മറ്റും ഇദംപ്രഥമമായി അച്ചടിക്കുവാൻ കഴിഞ്ഞു. "പ്രിന്റ് മീഡിയാ" യുടെ സ്വാധീനം നന്നായി തിരിച്ചറിഞ്ഞ തിരുമേനി, കൊച്ചിയിൽ നിന്ന് "കേരളപതാക" എന്നൊരു വൃത്താന്തപ്പത്രം പ്രസിദ്ധപ്പെടുത്താൻ മുൻകൈ എടുത്തു. മാത്രമല്ല കോട്ടയത്തു നിന്നു കണ്ടത്തിൽ വറുഗീസു മാപ്പിളയുടെ ചുമതലയിൽ മലയാള മനോരമ ആരംഭിക്കുന്നതിനുള്ള പ്രചോദനവും പ്രോത്സാഹനവും തിരുമേനി നൽകി.

മൂന്ന്: വിശ്വാസ പ്രബോധനം – സഭയുടെ വിശ്വാസസത്യങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും സഭാംഗങ്ങൾക്കു ബോധ്യമാക്കി കൊടുക്കുന്നതിനും സഭാസംബന്ധമായ വാർത്തകൾ യഥാസമയം ജനങ്ങളിൽ എത്തിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട്, "ഇടവകപ്പത്രിക" എന്ന പ്രസിദ്ധീകരണം ആരംഭിച്ചു. അത് അക്കാലത്തെ സഭാസ്പന്ദനം മനസ്സിലാക്കുന്നതിനുള്ള അമൂല്യസ്രോതസ്സും ചരിത്രഗവേഷകർക്ക് വിലപ്പെട്ട ഖനിയുമാണ്. ആ തിരുമേനി ഇന്ന് ജീവിച്ചിരുന്നെങ്കിൽ ഇലക്ട്രോണിക് മാധ്യമങ്ങളെ ശരിയായി ഉപയോഗപ്പെടുത്തുമായിരുന്നു. ദൃശ്യശ്രാവ്യ മാധ്യമങ്ങൾ സുവിശേഷീകരണത്തിനും വിശ്വാസ പ്രബോധനത്തിനും ശക്തമായ ഉപാധിയാണ്.

നാല്: സാമൂഹികവും രാഷ്ട്രീയവുമായ രംഗത്ത് – അക്കാലത്ത് നമ്മുടെ ജനങ്ങൾ സാമൂഹികരംഗത്ത് പല അവശതകളും പരാധീനതകളും അനുഭവിച്ചിരുന്നു. പരദേശബ്രാഹ്മണരുടെ മേധാവിത്വവും സ്വാധീനവും ഗവൺമെന്റുതലത്തിൽ വളരെ ശക്തമായിരുന്നു. നസ്രാണികൾക്ക് സർക്കാർ സർവീസിൽ ന്യായമായ സ്ഥാനം ലഭിക്കത്തക്കവിധത്തിൽ അദ്ദേഹം വാദിച്ചു എന്നു മാത്രമല്ല അർഹമായ സ്ഥാനങ്ങൾ നേടിയെടുക്കുവാൻ ശക്തവും സംഘടിതവുമായ നീക്കങ്ങൾ നടത്തുകയും ചെയ്തു.

അത്മായരുടെ സേവനവും കഴിവുകളും പരമാവധി പ്രയോജനപ്പെടുത്താൻ സഭാനേതൃത്വത്തിനു കഴിയണം. വരവേൽപ്പും എതിരേൽപ്പും സംഘടിപ്പിക്കാനും, പ്രകടനങ്ങൾ തെരുവീഥിയിൽ നടത്താനുമായി സമയവും പണവും ദുരുപയോഗപ്പെടുത്തുന്ന പ്രവണതയ്ക്ക് മാറ്റം വരുത്തി, സഭ ദൈവത്തിന്റെ തീർത്ഥാടക സമൂഹമെന്ന നിലയിൽ അതിന്റെ കർത്തവ്യങ്ങൾ നിർവഹിക്കാൻ സഭാവിശ്വാസികളെ പ്രബുദ്ധരാക്കണം.

തിരുമേനിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചത് ക്നാനായ സമുദായത്തിൽപ്പെട്ട ഇടവഴിക്കൽ ഇ. എം. ഫിലിപ്പ് ആയിരുന്നു. അദ്ദേഹം ഒരു ഉത്തമ സഭാസ്നേഹിയും, സഭാചരിത്ര പണ്ഡിതനുമായിരുന്നു. ഇ. എം. ഫിലിപ്പ് എഴുതിയ മലങ്കരസഭാചരിത്രം ആധികാരികമായ ഗ്രന്ഥമെന്ന് അവകാശപ്പെടാൽ പാടില്ലാത്തതെങ്കിലും പല കാര്യങ്ങളിലും വെളിച്ചം പകരുന്ന ഗ്രന്ഥമാണ്. സെക്രട്ടറിയും തിരുമേനിയും ചേർന്നുള്ള ഒരു ചിത്രം പഴയസെമിനാരിയുടെ കമ്മിറ്റി മാളികയിൽ കാണാം. ഇവിടെ ശ്രദ്ധേയമായ വസ്തുത ഒരു ആത്മായനെ സെക്രട്ടറിയാക്കി പ്രവർത്തിച്ചതിൽകൂടി ഒരു നല്ല മാതൃക കാണിച്ചു തരികയായിരുന്നു. കഴിവും പ്രാപ്തിയുമുള്ള ആത്മായരെ കണ്ടെത്തി, സഭാകാര്യങ്ങളിൽ അവരെ തൽപരരാക്കുകയും, അവരുടെ അഭിരുചിക്കും താലന്തുകൾക്കുമനുസൃതമായി ചുമതലകൾ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.

പുലിക്കോട്ടിൽ തിരുമേനി കാലത്തിന്റെ വെല്ലുവിളികളെ ശരിയായി മനസ്സിലാക്കി, അതിനനുസൃതമായി തന്റെ പ്രവർത്തനശൈലി രൂപപ്പെടുത്തിയ സഭാപിതാവായിരുന്നു. കൈമാറി ലഭിച്ചിരിക്കുന്ന പൈതൃകത്തെ, അന്യൂനം സംരക്ഷിക്കുക മാത്രമല്ല, നേതൃത്വത്തിന്റെ ദൗത്യം. കാലത്തിന്റെ ചുവരെഴുത്തുകൾ എന്തെന്നു മനസ്സിലാക്കി അതിനുതക്കവണ്ണം സഭാസമൂഹത്തെ സജ്ജമാക്കേണ്ട ദൗത്യം നേതൃത്വത്തിനുണ്ട്. സഭ ജീവിക്കുന്ന സമൂഹമാണ്; അതിനു വളർച്ചയും വികസനവുമാവശ്യമുണ്ട്. ഒന്നാം നൂറ്റാണ്ടിലാണ് സഭ ഉത്ഭവിച്ചത്. പക്ഷേ സഭ എത്തിയിരിക്കുന്നത് ഇരുപത്തൊന്നാം നൂറ്റാണ്ടിലാണ്. മൗലികങ്ങളായ തത്വങ്ങളിലും വിശ്വാസങ്ങളിലും ഉറച്ചുനിന്നുകൊണ്ട്, മാറ്റങ്ങൾക്കനുസൃതമായി സഭാസമൂഹം പ്രതികരിക്കുവാൻ പ്രാപ്തമാകണം. സ്മര്യപുരുഷനെ സഭാനേതൃത്വത്തിന് എക്കാലത്തും ഒരു "റോൾ മോഡൽ" ആയി സ്വീകരിക്കാവുന്നതാണ്.

(ഫാ. ഡോ. ജേക്കബ് കുര്യൻ എഡിറ്റ് ചെയ്ത 'യുഗതേജസ്സ്' എന്ന ഗ്രന്ഥത്തിൽ നിന്നും)

❑

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1951)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

27-3-1952. മൂവാറ്റുപുഴ. 10.30-നു ഭദ്രാസന മീറ്റിംഗ് ആരംഭിച്ചു. ഇരുപതിൽപരം അച്ചന്മാരും നൂറിലധികം പള്ളിപ്രതിപുരുഷന്മാരും യോഗത്തിൽ സംബന്ധിച്ചു. കർമ്മേലിൽ നിന്നും പത്രോസ് റമ്പാച്ചൻ വന്നിരുന്നു. മീറ്റിംഗ് പ്രാർത്ഥനയ്ക്കുശേഷം തീമോത്തിയോസ് മെത്രാച്ചന്റെ ഒരു പ്രസംഗത്തോടുകൂടി ആരംഭിച്ചു. 11 മണിക്ക് കോട്ടയത്തു നിന്നും വട്ടക്കുന്നേൽ റമ്പാച്ചനും, ഫീലിപ്പോസ് കത്തനാരും, മാമ്മൻ മാപ്പിളയും കൂടി വന്നിരുന്നു. മാമ്മൻ മാപ്പിളയും, ഫീലിപ്പോസ് കത്തനാരും പ്രസംഗിച്ചു. വടക്കൻ ഭദ്രാസനങ്ങളിൽ ഉടനെ ആവശ്യമായിരിക്കുന്ന പ്രവർത്തനങ്ങളെപ്പറ്റി ഐസക്ക് മത്തായി, എൻ. എസ്. കുറിയാക്കോസ് മുതലായി ചിലർ യോഗത്തിൽ വ്യക്തമാക്കി. അടിയന്തിരമായി നടത്തേണ്ട സംഗതികൾ എന്തെല്ലാമെന്നു തീരുമാനിക്കുന്നതിനായി ഒരു കമ്മിറ്റിയെ തിരഞ്ഞെടുത്ത ശേഷം ഉച്ച നമസ്കാരത്തിനും ഭക്ഷണത്തിനുമായി യോഗം പിരിഞ്ഞു.


ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് വീണ്ടും യോഗം ആരംഭിച്ചു. കമ്മിറ്റിക്കാരുടെ റിപ്പോർട്ടനുസരിച്ച്, കെ. പി. പൗലോസ് കത്തനാരെ ഭദ്രാസന ഫുൾടൈം സെക്രട്ടറിയായി പൊതുയോഗം തിരഞ്ഞെടുത്തു. കൂടാതെ വടക്കൻ പ്രദേശങ്ങളിൽ കാതോലിക്കാ സിംഹാസനത്തിൻകീഴിൽ പത്തു സ്ഥലത്ത് ചാപ്പലുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു എന്നും, അതിൽ അഞ്ചെണ്ണം ഉടനെ ആറു മാസത്തിനകം പണികഴിപ്പിക്കണമെന്നും തീരുമാനിച്ചു. അതിന് കഴിവുള്ള എല്ലാ സഹായങ്ങളും ആക്ഷൻ കമ്മിറ്റിയിൽ നിന്നും ചെയ്യാമെന്ന് കമ്മിറ്റിക്കാർ വാഗ്ദാനം ചെയ്തു. നമ്മുടെ ഉപസംഹാരം, മെത്രാച്ചന്റെ കൃതജ്ഞതാ പ്രകടനം ഇവയ്ക്കുശേഷം യോഗം അവസാനിച്ചു. ആളുകൾ എല്ലാം ഉടനെതന്നെ പിരിഞ്ഞു പോയി. നാം മൂവാറ്റുപുഴ തന്നെ താമസിച്ചു.

28-3-1952. മൂവാറ്റുപുഴ, മാങ്ങാനം. രാവിലെ നമസ്കാരം കഴിഞ്ഞ് 7.45-നു മാങ്ങാനത്തിനു തിരിച്ചു. 9.15-നു ഇവിടെ എത്തി. ഉച്ചകഴിഞ്ഞ് എം.ഡി. സെമിനാരിയിൽ പോയി. വാളനടി കത്തനാരെയും, പൈലോ സാറിനെയും കണ്ട് ചാപ്പലിനും, സ്കൂളിനും വേണ്ടി കോടതിയിൽ നാം കെട്ടിവച്ചതായ പണം അവിടെനിന്നും തരുന്നതിനെപ്പറ്റി പറഞ്ഞു. അധികം താമസിയാതെ കുറെ പണം തരാമെന്ന് അവർ പറഞ്ഞു. അവിടെ നിന്നും പഴയസെമിനാരിയിലും പോയശേഷം തിരിച്ചിവിടെ എത്തി.

29-3-1952. മാങ്ങാനം. രാവിലെ സെമിനാരിയിൽ നിന്നും മാനേജരച്ചൻ വന്നു വി. കുർബ്ബാന അർപ്പിച്ചു. പരുമല സെമിനാരി വക നിലങ്ങൾ റിസീവർ ഏറ്റെടുത്തെന്ന് റിസീവർ റിപ്പോർട്ട് കൊടുത്തതനുസരിച്ച് ഇന്ന് നിലങ്ങൾ ലേലത്തിനു വച്ചിരുന്നു. കറ്റാനത്തെ നിലവും ഇടത്വായിലെ ഒരു നിലവും 1625 രൂപയ്ക്കു നമ്മൾ തന്നെ ലേലം പിടിച്ചു. അതിനുള്ള പണം ഇന്ന് ബാങ്കിൽ നിന്നു വാങ്ങുന്നതിന് കല്പന കൊടുത്തു. പരുമല മാനേജർ കത്തനാർ വന്നിരുന്നു. അയാൾ പണമെല്ലാം ട്രഷറിയിൽ കെട്ടിവച്ചു.

30-3-1952. മാങ്ങാനം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന മദ്ധ്യേ പ്രസംഗിച്ചു. യാക്കോബ് ശെമ്മാശൻ ഹോസ്റ്റലിൽ നിന്നും വന്നിരുന്നു. എം.ഡി. യിൽ വച്ചു നടക്കുന്ന സ്പിരിചൽ കമ്മിറ്റി മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി വന്നിരുന്ന വള്ളക്കാലിൽ മാത്യു വക്കീൽ ഇവിടെ വന്നു നമ്മെ കാണുകയുണ്ടായി.

31-3-1952. മാങ്ങാനം. പത്തു മണിയോടു കൂടെ മാനേജരു കത്തനാരും മണലിൽ യാക്കോബ് കത്തനാരും വന്നിരുന്നു. ഓതറെ റമ്പാച്ചൻ വന്ന് ഇന്നലെ എം.ഡി. യിൽ കൂടിയ സ്പിരിചൽ മീറ്റിംഗിലെ നിശ്ചയങ്ങളെപ്പറ്റിയും മറ്റും



പറയുകയുണ്ടായി. പി. എൻ. നൈനാൻ കുണ്ടറയ്ക്കു പോയി. ഏലിയാസ് തോമസ് കത്തനാർ വന്നിരുന്നു. രാത്രി ഇവിടെ താമസിച്ചു. പാപ്പി രണ്ടുപേരെയുംകൊണ്ടു വന്ന് ഇവിടുത്തെ കിണറ് തേകി പറ്റിച്ച് വൃത്തിയാക്കി.

1-4-1952. മാങ്ങാനം. രാവിലെ ഏലിയാസ് തോമസ് കത്തനാർ തിരിച്ചുപോയി. അയിരൂർ നിന്നും സൈമൺ ശെമ്മാശൻ വന്നിരുന്നു. നാം ഹാശാ ആഴ്ചയിൽ മതാപ്പാറ പള്ളിയിൽ ചെല്ലുന്ന സംഗതിയെപ്പറ്റി പറയുകയുണ്ടായി. ഊശാന ശനിയാഴ്ച പരുമല നിന്നും മതാപ്പാറയ്ക്കു ചെല്ലാമെന്ന് സമ്മതിച്ചു.

ഉച്ചയോടുകൂടി കുഴിമറ്റത്തെ കോറെപ്പിസ്ക്കോപ്പായും, പള്ളത്തുകാരൻ കുഴിമറ്റത്തു താമസിക്കുന്ന ശെമ്മാശനും കൂടെ വന്നിരുന്നു. ശെമ്മാശന് കത്തനാരുപട്ടം കൊടുക്കുന്ന കാര്യത്തെപ്പറ്റി പറഞ്ഞു. അടുത്ത തിങ്കളാഴ്ച (വചനിപ്പ് പെരുന്നാൾ) പട്ടം കൊടുക്കാമെന്നു പറഞ്ഞയച്ചു. പത്തനാപുരത്തു നിന്നും തോമസ് കത്തനാരും സ്കറിയാ കത്തനാരും വന്ന് മെത്രാച്ചൻ പറഞ്ഞയച്ചതനുസരിച്ച് ഐസക്ക് ശെമ്മാശന്റെ പട്ടംകൊടയെപ്പറ്റി പറഞ്ഞു. അതും വചനിപ്പിന് നടത്താമെന്നു തീരുമാനിച്ചു.

2-4-1952. മാങ്ങാനം. രാവിലെ പത്തനംതിട്ട നിന്നും ഈപ്പൻ കത്തനാർ വന്നിരുന്നു. തടാകം ആശ്രമത്തിലെ കത്തനാരും ഒളശ്ശക്കാരൻ എൻ. എം. ഏബ്രഹാമും വന്നിരുന്നു. ചില സംഗതികൾ പറഞ്ഞശേഷം തിരിച്ചുപോയി. ഉച്ചയോടു കൂടി സി. പി. മാത്തൻ വന്നു നമ്മെ കാണുകയുണ്ടായി.

സന്ധ്യയോടു കൂടി മുളന്തുരുത്തിക്കാരൻ (കാർത്തികപ്പള്ളി സ്കൂൾ ഹെഡ്മാസ്റ്റർ) എം. എം. ജേക്കബ് കത്തനാർ വന്നു. അയാളുടെ അപ്പനും അമ്മയും ഒരാഴ്ചയിൽ തന്നെ മരിച്ചതായുള്ള സങ്കടവാർത്ത അറിയിച്ചു. രാത്രി താമസിച്ചു. മണലിൽ കത്തനാരും, മാനേജരു കത്തനാരും കൂടെ വന്നിരുന്നു. മണലിൽ കത്തനാർ നാളെ എറണാകുളത്തു പോകുന്ന സംഗതിയെപ്പറ്റിയും

മറ്റും പറഞ്ഞു. ജേക്കബ് കത്തനാരും ഈപ്പൻ കത്തനാരും രാത്രി ഇവിടെ താമസിച്ചു.

3-4-1952. മാങ്ങാനം. മണലിൽ യാക്കോബ് കത്തനാരും മാനേജരു കത്തനാരും കൂടെ എറണാകുളത്തിനു പോയി. മണലിൽ കത്തനാർക്കു നല്ല സുഖമില്ലാത്തതുകൊണ്ട് നമ്മുടെ വണ്ടി അയച്ചുകൊടുത്തു.

മാവേലിക്കര നിന്നും സി.എസ്.ഐ. യിൽ ചേരാതെ സി.എം.എസിൽ തന്നെ നിൽക്കുന്നവരിൽ പ്രധാനികളായ രണ്ടു പേർ ഇവിടെ വന്നു നമ്മെ കണ്ട്, അവർക്ക് ഒരു റീത്ത് അനുവദിച്ചുകൊടുക്കുന്ന സംഗതിയെപ്പറ്റിയും മറ്റും പറഞ്ഞു. അതെപ്പറ്റി ആലോചിച്ചു തീരുമാനിക്കാമെന്നു നാം പറഞ്ഞു.

4-4-1952. മാങ്ങാനം, പഴയസെമിനാരി. ഈപ്പൻ കത്തനാർ ഇതു വഴി വന്ന് പത്തനംതിട്ടയ്ക്കു പോയി. എൻ. ജി. കുര്യൻ കത്തനാർ വന്നിരുന്നു. അയാൾക്കു പത്തനംതിട്ട സ്കൂളിൽ നിന്നും ന്യായമായി കിട്ടേണ്ട പണം കൊടുക്കുന്നതിന് ളാക്കൂർ കത്തനാർക്കു കല്പന നാം കൊടുത്തു.

മൂന്നര മണിക്ക് പഴയസെമിനാരിയിൽ പോയി താമസിച്ചു. നമ്മുടെ കാറിന്റെ ടാക്സ് ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലേത് മുപ്പത് രൂപ ഇന്ന് മദ്രാസിന് അയച്ചുകൊടുത്തു.

5-4-1952. പഴയസെമിനാരി. രാവിലെ മാനേജരു കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. വട്ടയ്ക്കാട്ട് യാക്കോബ് കത്തനാരും തലവൂക്കാരൻ ശെമ്മാശനും വന്നിരുന്നു. ശെമ്മാശൻ കശ്ശീശാ പട്ടം ഏൽക്കുന്നതിനെപ്പറ്റി ടി കത്തനാർ പറയുകയുണ്ടായി. അടുത്ത തിങ്കളാഴ്ച പട്ടംകൊടുക്കാമെന്ന് നാം പറഞ്ഞതനുസരിച്ച് അവർ തിരിച്ചുപോയി.

പാറേട്ടച്ചൻ വന്നിരുന്നു. ഉച്ചകഴിഞ്ഞ് തിരിച്ചുപോയി. കറ്റാനത്തു നിന്നും കുഞ്ഞും, തഴവാക്കാരൻ റീത്തിൽ ചേർന്ന കത്തനാരും, നമ്മുടെ തഴവാ ഇടവകയിൽപ്പെട്ട ചിലരും വന്നിരുന്നു. ടി കത്തനാർ മുമ്പ് നിവർത്തിയില്ലാതെ വന്നപ്പോൾ മാതൃസഭയെ ഉപേക്ഷിച്ച് കത്തോലിക്കാ സഭയിൽ ചേർന്നിട്ടുള്ളതാണെന്നും, ഇപ്പോൾ തിരിച്ച് മാതൃസഭയിൽ ചേരുവാനും അവസാനം വരെ അതിൽ തന്നെ ജീവിക്കുന്നതിന് ആഗ്രഹിക്കുന്നെന്നും, അതുകൊണ്ട് അയാളുടെ സകല കുറ്റങ്ങളും ക്ഷമിച്ച് അയാളെ സ്വീകരിക്കണമെന്നും മറ്റും കാണിച്ച് ഒരു അപേക്ഷ അയാൾ നമ്മുടെ കൈയിൽ തന്നു. അതനുസരിച്ച് ഒരു ഉടമ്പടി എഴുതി രജിസ്ട്രറാക്കിയശേഷം സ്വീകരിച്ച് കല്പന തരാമെന്നും മറ്റും നാം പറഞ്ഞു. അങ്ങനെ ചെയ്യാമെന്നു പറഞ്ഞ് നാലു മണിയോടു കൂടി എല്ലാവരും പിരിഞ്ഞു.

6-4-1952. പഴയസെമിനാരി. ഇന്ന് മുപ്പത്തിയാറാം ഞായറാഴ്ചയും കാതോലിക്കാ ദിനവുമാകയാൽ നാം തന്നെ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന മദ്ധ്യേ സഭയ്ക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന നടത്തി.

ഉച്ചകഴിഞ്ഞു ദേവലോകത്തു പോയി കാതോലിക്കാദിനം പ്രമാണിച്ചു കൂടിയ മീറ്റിംഗിൽ ആദ്ധ്യക്ഷം വഹിച്ചു. സണ്ടേസ്കൂൾ കുട്ടികളുടെയും, യുവജനസമാജത്തിന്റെയും, സ്ത്രീസമാജത്തിന്റെയും മറ്റുമായി ഒരു വമ്പിച്ച ഘോഷയാത്ര നാലു മണിക്ക് ദേവലോകത്തു വന്നുചേർന്നു. അതിനുശേഷം മീറ്റിംഗ് ആരംഭിച്ചു. മൂവായിരത്തിൽപരം ആളുകൾ അതിൽ സംബന്ധിച്ചു. സി. യു. മാത്യുവും വട്ടക്കുന്നേൽ റമ്പാച്ചനും ഓരോ പ്രസംഗങ്ങൾ ചെയ്തു. പ്രസംഗശേഷം കാതോലിക്കാ സിംഹാസനത്തോടും നമ്മോടുമുള്ള ബഹുമാനങ്ങളെ നേർന്നുകൊണ്ട് ഒരു പ്രമേയം അവതരിപ്പിച്ചു. എല്ലാവരും എഴുന്നേറ്റു നിന്ന് പ്രമേയം സ്വീകരിച്ചു. മീറ്റിംഗ് കഴിഞ്ഞ് മീറ്റിംഗിനു സംബന്ധിച്ച എല്ലാവർക്കും വിഭവസമൃദ്ധമായ കാപ്പി സൽക്കാരവും ഉണ്ടായിരുന്നു.

7-4-1952. പഴയസെമിനാരി. ദൈവമാതാവിന്റെ വചനിപ്പു പെരുനാൾ പ്രമാണിച്ച് നാം വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ മാവേലിക്കരക്കാരൻ പത്തനാപുരം ദയറായിലെ ഒരംഗമായ ഐസക്കു ശെമ്മാശനും, കുഴിമറ്റംകാരൻ മാത്യൂസ് ശെമ്മാശനും, തലവൂക്കാരൻ ജോർജ് ശെമ്മാശനും കശീശാപട്ടവും പ്രക്കാനത്തുകാരൻ തോമസ് ശെമ്മാശന് പൂർണ്ണശെമ്മാശുപട്ടവും നൽകി. കുഴിമറ്റത്തുകാരൻ കത്തനാർ കുഴിമറ്റത്തിനു പോയി. മറ്റവർ രണ്ടുപേരും ഇവിടെ താമസിച്ച് മാനേജരച്ചന്റെ അടുത്ത് പഠിച്ചശേഷം ഹാശായ്ക്കു മാങ്ങാനത്തും നട്ടാശ്ശേരിയിലും ശുശ്രൂഷ നടത്തുന്നതിന് നാം പറഞ്ഞു.

അഞ്ചു മണിക്ക് എം.ഡി. സെമിനാരിക്കു തിരിച്ചു. ആറരയ്ക്കു സന്ധ്യാനമസ്കാരം കഴിഞ്ഞ് ഇന്ന് അവിടെ ആരംഭിക്കുന്ന കൺവൻഷന്റെ ഉദ്ഘാടനകർമ്മം ഒരു പ്രസംഗത്തോടു കൂടി നാം നിർവ്വഹിച്ചു. അതിനെ തുടർന്ന് എം. ഐ. ജോർജ് പ്രസംഗിച്ചു. നാം മാങ്ങാനത്തിനു പോരുകയും ചെയ്തു.

8-4-1952. മാങ്ങാനം. രാവിലെ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ ഇവിടെ വന്ന് നമ്മെ കാണുകയുണ്ടായി. മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സന്ദർശനത്തിന്റെ 19-ാം ശതവത്സര ജൂബിലി കഴിക്കുന്നതിനെപ്പറ്റി പറഞ്ഞു. അന്ന് ക്രിസ്ത്യാനികളെല്ലാം കൂടി ഒരു പൊതു മീറ്റിംഗ് നടത്തുന്നതിന് ആലോചിക്കുന്നുണ്ടെന്നും മറ്റും അദ്ദേഹം നമ്മെ അറിയിച്ചു. അതേപ്പറ്റി ആലോചിച്ചു ചെയ്യാമെന്ന് നാം മറുപടി പറഞ്ഞു. 15 മിനിട്ട് കഴിഞ്ഞ് തിരിച്ചുപോയി. അഞ്ചു മണിക്ക് തീമോത്തിയോസ് മെത്രാച്ചൻ കുന്നംകുളത്തിനു പോയിട്ടു വന്നു. നാം പറഞ്ഞതനുസരിച്ച് രാത്രി ഇവിടെ താമസിച്ചു.

9-4-1952. മാങ്ങാനം, പരുമല. രാവിലെ നമസ്കാരം കഴിഞ്ഞ് മെത്രാച്ചൻ ചെങ്ങന്നൂർക്കു പോയി. പത്തു മണിക്ക് എം.ഡി. യിൽ പോയി സ്പിരിചൽ കമ്മിറ്റി മീറ്റിംഗിൽ ആദ്ധ്യക്ഷം വഹിച്ചു. വട്ടക്കുന്നേൽ റമ്പാച്ചൻ, പറമ്പിൽ അച്ചൻ, ടി. എസ്. ഏബ്രഹാം കത്തനാർ, ഗബ്രിയേൽ കത്തനാർ മുതലായ പല പട്ടക്കാരും പതിനഞ്ചിൽപരം അയ്മേനികളും യോഗത്തിൽ സംബന്ധിച്ചു. ആത്മീയമായി സഭയിൽ ഉടനെ ചെയ്യേണ്ടതായ സംഗതികളെപ്പറ്റി ആലോചിച്ചു. അതിന്റെ നടത്തിപ്പിന് ഒരു കമ്മിറ്റിയെയും നിശ്ചയിച്ചു. ഒന്നര മണിക്ക് മീറ്റിംഗ്, പ്രാർത്ഥന ഇവയ്ക്കു ശേഷം മാങ്ങാനത്തു വന്ന് ഉച്ചഭക്ഷണം കഴിഞ്ഞ് പരുമലയ്ക്കു തിരിച്ചു. അഞ്ചു മണിക്ക് പരുമലയിൽ എത്തി. ശെമ്മാശൻ സന്ധ്യയോടു കൂടി അയാളുടെ വീട്ടിലോട്ടു പോയി.

10-4-1952. പരുമല. മാവേലിക്കര നിന്നും ട്രസ്റ്റിയും മറ്റും വന്നു ചില സംഗതികൾ പറഞ്ഞു. ഹാശാ നടത്തുന്നതിനെപ്പറ്റി ഒരു കല്പന വല്ല്യച്ചന്റെ പേർക്കു കൊടുത്തയച്ചു (വിലനിലത്തച്ചൻ).

11-4-1952. പരുമല. രാവിലെ നാല്പതാം വെള്ളിയാഴ്ചയാകയാൽ നാം വി. കുർബ്ബാന അർപ്പിച്ചു. അരികുപുറത്തച്ചന്റെ വീതം നടത്തുന്നതിനു മാനേജരു കത്തനാർ ചെന്നിത്തലയ്ക്കു പോയി. ശെമ്മാശൻ കാലത്തെ തന്നെ വന്നു.

ഉച്ചയോടു കൂടി വിലനിലത്തച്ചനും, പുതുമഠത്തിൽ കീവർച്ചനും മാവേലിക്കര നിന്നും, പണിക്കരച്ചനും ചെറിയാൻ സാറും മാന്നാറു നിന്നും വന്ന് ചില സംഗതികൾ അറിയിച്ചു.

12-4-1952. പരുമല, അയിരൂർ. രാവിലെ റമ്പാച്ചൻ വി. കുർബ്ബാന അർപ്പിച്ചു. കാപ്പി കഴിഞ്ഞ് അയിരൂർ മതാപ്പാറ പള്ളിയിലേക്കു തിരിച്ചു. 10 മണിക്ക് പുത്തൻകാവ് പള്ളിയിൽ ഇറങ്ങി. ഉച്ചഭക്ഷണം കഴിഞ്ഞ് രണ്ടു മണിക്ക് വീണ്ടും യാത്ര തുടർന്നു. നാലു മണിക്ക് അയിരൂർ പള്ളിയിൽ എത്തി. പുത്തൻകാവിൽ തീമോത്തിയോസ് മെത്രാച്ചൻ ഉണ്ടായിരുന്നു. മെത്രാച്ചൻ ഹാശായ്ക്കു അവിടെയാണ് നടത്തുന്നത്. മതാപ്പാറയിൽ ടി. എസ്. ഏബ്രഹാം കത്തനാരും സൈമൺ ശെമ്മാശനും വയലത്തലക്കാരായ കോശി ശെമ്മാശനും മാത്യു ശെമ്മാശനും വന്നിട്ടുണ്ടായിരുന്നു. ആറര മണിക്ക് സന്ധ്യാനമസ്കാരം ആരംഭിച്ചു. നമസ്കാരശേഷം നാം അല്പസമയം പ്രസംഗിച്ചു. വളരെ ആളുകൾ നമസ്കാരത്തിൽ സംബന്ധിച്ചിരുന്നു.

13-4-1952. മതാപ്പാറ. ഊശാന ഞായർ. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ ഊശാനയുടെ ശുശ്രൂഷകൾ നടത്തി. വലിയ ജനക്കൂട്ടം ഇന്ന് പള്ളിയിൽ വന്നിരുന്നു. ആളുകൾക്കു നിൽക്കുന്നതിന് പള്ളിക്കു ചുറ്റും ഭംഗിയായി പന്തൽ ഇട്ടിരുന്നു. ശുശ്രൂഷമദ്ധ്യേ നാം പ്രസംഗിച്ചു. പന്ത്രണ്ടരയ്ക്കു ശുശ്രൂഷകളെല്ലാം അവസാനിച്ചു. സന്ധ്യാനമസ്കാരം ആറു മണിക്കു ആരംഭിച്ചു. പതിവുപോലെ ആളുകൾ കൂടിയിരുന്നു. ഇന്നു നാം പ്രസംഗിച്ചു.

14-4-1952. മതാപ്പാറ. വെളുപ്പിന് നാലരയ്ക്കു ലിലിയോ നമസ്കാരവും ഏഴരക്കു പ്രഭാതനമസ്കാരവും നടത്തി. മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ നമ്മെ സന്ദർശിക്കുകയുണ്ടായി. സ്വദേശത്ത് നാം വന്നിട്ടുണ്ടെന്ന് അദ്ദേഹം ഇവിടെ വന്നപ്പോൾ അറിഞ്ഞെന്നും അതനുസരിച്ച് കയറിയതാണെന്നും പറഞ്ഞു. ചില സംശയങ്ങളെല്ലാം നമ്മോടു ചോദിച്ചു. നാം അദ്ദേഹത്തെ പള്ളിയിൽ കൂട്ടിക്കൊണ്ടു പോയി ഗോഗുൽത്തായും കുരിശും മറ്റും കാണിച്ച് അതിന്റെ അർത്ഥവും മറ്റും മനസ്സിലാക്കിക്കൊടുത്തു. അര മണിക്കൂറിനുശേഷം അദ്ദേഹം തിരിച്ചുപോയി.

പന്ത്രണ്ടരയ്ക്കു ഉച്ചനമസ്കാരവും ഇരുപത്തിരണ്ടരയുടെ നമസ്കാരവും നടത്തി. സന്ധ്യാനമസ്കാരത്തിന്റെ കുറെ ഭാഗങ്ങളും ഉച്ചയ്ക്കു നടത്തുകയു

ണ്ടായി. ആറു മണിക്കു പതിവുപോലെ നമസ്കാരവും പ്രസംഗങ്ങളും ഉണ്ടായിരുന്നു.

15-4-1952. അയിരൂർ മതാപ്പാറ. ഇന്നും പതിവുപോലെ നമസ്കാരങ്ങളും പ്രസംഗങ്ങളും മറ്റും നടത്തി. സുപ്രീംകോടതിയിൽ സമുദായക്കേസ്സിന്റെ അപ്പീൽ റിവിഷൻ തള്ളിയതിനെപ്പറ്റി നമ്മൾ കൊടുത്തിരുന്നത് സ്വീകരിച്ചെന്ന് മനോരമയിൽ കാണുകയുണ്ടായി. കൂടാതെ ഉച്ചയോടുകൂടി ഡൽഹിയിൽ നിന്നും ഫീലിപ്പോച്ചന്റെ കമ്പിയും വന്നിരുന്നു. വലിയ ആശയില്ലാതിരുന്ന ഒരു സംഗതിയായിരുന്നു. ദൈവം കരുണ ചെയ്തതിൽ തന്നെ സ്തുതിക്കുന്നു.

16-4-1952. മതാപ്പാറ. ഇന്നും പതിവുപോലെ നമസ്കാരവും പ്രസംഗങ്ങളും ഉണ്ടായിരുന്നു. പതിവിൽ കൂടുതൽ ആളുകൾ പള്ളിയിൽ വന്നിരുന്നു. പൂനായിൽ നിന്നും കുറെ പഴങ്ങൾ (ആപ്പിൾ, മുന്തിരി, ...) കൊടുത്തയച്ചു.

17-4-1952. മതാപ്പാറ. വെളുപ്പിന് ഒരു മണിക്ക് എഴുന്നേറ്റ് നമസ്കാരം ആരംഭിച്ചു. ലിലിയോ നമസ്കാരം കഴിഞ്ഞ് നാം തൂയോബോയ്ക്കു കയറി. നാലു മണിക്കു കുർബ്ബാന ആരംഭിച്ചു. ഉഷസ്സു വരുന്ന സമയത്തിന് വി. കുർബ്ബാന അവസാനിച്ചു. ഏബ്രഹാം കത്തനാർ ജനങ്ങൾക്കെല്ലാം വി. കുർബ്ബാന കൊടുത്തു.

രണ്ടു മണിക്കു കാലുകഴുകൽ ശുശ്രൂഷ ആരംഭിച്ചു. പള്ളിക്കു വടക്കുവശത്തുള്ള പന്തലിൽ വച്ചാണ് ശുശ്രൂഷ നടത്തിയത്. ശുശ്രൂഷകൾ എല്ലാവർക്കും കേൾക്കത്തക്കവണ്ണം ഉച്ചഭാഷിണി ഘടിപ്പിച്ചിരുന്നു. ഓതറെ റമ്പാച്ചൻ, ഗബ്രിയേൽ കത്തനാർ മുതലായി എട്ടൊമ്പതു പട്ടക്കാരും അഞ്ചു ശെമ്മാശന്മാരും ആറ് അയ്മേനികളും ശുശ്രൂഷയിൽ പങ്കുകൊണ്ടു. നാലര മണിക്കു ശുശ്രൂഷകൾ ആരംഭിച്ചു. ശുശ്രൂഷകൾക്കു മുമ്പ് നാം പ്രസംഗിച്ചു. മാർത്തോമ്മാക്കാർ, റീത്തുകാർ മുതലായി വലിയ ഒരു കൂട്ടം ഇതിലും സംബന്ധിക്കുകയുണ്ടായി.

ആറു മണിക്കു പതിവുപോലെ നമസ്കാരം നടത്തി. നമസ്കാരശേഷം ഓതറെ റമ്പാച്ചൻ പ്രസംഗിച്ചു.

18-4-1952. മതാപ്പാറ. ദുഃഖവെള്ളിയാഴ്ച. വെളുപ്പിന് 4.30-നു രാത്രി പ്രാർത്ഥന നടത്തി. 7.45-നു പ്രഭാത പ്രാർത്ഥനയും മൂന്നാം മണിയുടെ പ്രാർത്ഥനയും നടത്തി. അതിനുശേഷം റമ്പാച്ചൻ പ്രസംഗിച്ചു. വീണ്ടും വിശ്രമാനന്തരം പതിനൊന്നരയ്ക്കു ഉച്ചനമസ്കാരം ആരംഭിച്ചു. ഉച്ചനമസ്കാരശേഷം ഇരുപത്തിരണ്ടരയുടെ നമസ്കാരത്തിനു മുമ്പ് പ്രദക്ഷണം നടത്തി പള്ളിക്കു പുറത്ത്. പിന്നീടുള്ള ഇരുപത്തിരണ്ടരയുടെ നമസ്കാരവും കഴിഞ്ഞ് സ്ലീബാ വന്ദനവിന്റെ ശുശ്രൂഷകൾ ആരംഭിച്ചു. സ്ലീബാ വന്ദനവ്, പ്രദക്ഷിണം, കബറടക്കം ഇവയ്ക്കുശേഷം 4.15-നു ശുശ്രൂഷകൾ അവസാനിച്ചു. കയ്പുനീരു കുടിച്ച് എല്ലാവരും പിരിഞ്ഞുപോയി. ഇന്നും സന്ധ്യാനമസ്കാരവും പ്രസംഗവും ഉണ്ടായിരുന്നു.

19-4-1952. മതാപ്പാറ. ദുഃഖശനിയാഴ്ച. രാവിലെ പതിവുപോലെ നമസ്കാരങ്ങളും മറ്റും നടത്തി. പതിനൊന്നരയ്ക്കു ഉച്ചനമസ്കാരം ആരംഭിച്ചു. അതിനെ തുടർന്ന് റമ്പാച്ചൻ വി. കുർബ്ബാന അർപ്പിച്ചു. ഒരു മണിക്ക് കുർബ്ബാന അവസാനിച്ചു. സന്ധ്യാനമസ്കാരശേഷം മാത്യൂസ് ശെമ്മാശനും റമ്പാച്ചനും പ്രസംഗിച്ചു.

20-4-1952. മതാപ്പാറ. ഉയിർപ്പു ഞായർ. വെളുപ്പിന് ഒരു മണിക്ക് നമസ്കാരം ആരംഭിച്ചു. ലിലിയോയുടെ നമസ്കാരം കഴിഞ്ഞ് ഉയിർപ്പു ശുശ്രൂഷ നടത്തി. അനന്തരം പ്രഭാത പ്രാർത്ഥനയും തൂയോബോയും നടത്തിയശേഷം സ്ലീബാ ആഘോഷത്തിന്റെ ശുശ്രൂഷ നടത്തി. അതിനുശേഷം കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ ഇവിടുത്തെ വികാരി റ്റി. എസ്. ഏബ്രഹാം കത്തനാർക്ക് നാം കോറെപ്പിസ്ക്കോപ്പാ സ്ഥാനം നൽകി. ആറര മണിക്ക് ശുശ്രൂഷകളെല്ലാം അവസാനിച്ചു.

ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് കോറി അച്ചന്റെ ജൂബിലി പ്രമാണിച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം കൂടി. അതിൽ ഗബ്രിയേൽ കത്തനാർ, കെ. സി. മാമ്മൻ മാപ്പിള, മന്ത്രി റ്റി. എം. വർഗീസ് മുതലായവർ പ്രസംഗിച്ചു. യോഗത്തിൽ വച്ച പല പള്ളിക്കാരുടെ വകയായും സമ്മാനങ്ങളും മംഗളപത്രങ്ങളും അച്ചന് ലഭിക്കുകയുണ്ടായി. ഉപസംഹാരം, പ്രാർത്ഥന, ആശീർവാദം ഇവയ്ക്കു ശേഷം നാലരയ്ക്കു യോഗം അവസാനിച്ചു.

27-4-1952. മതാപ്പാറ, പുത്തൻകാവ്. ഹേവോറോ ആഴ്ച. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ച് യോഹന്നാൻകുട്ടിയുടെ മകന്റെ കുട്ടിയെ മാമോദീസാ മുക്കി. അതിനുശേഷം പള്ളിപടിക്കൽ പുതുതായി പണി കഴിപ്പിച്ചിട്ടുള്ള കുരിശുംതൊട്ടിയുടെ കൂദാശ നടത്തി.

ഉച്ചകഴിഞ്ഞ് കൊച്ചുമെത്രാച്ചന്റെ ഓർമ്മപ്പെരുന്നാൾ പ്രമാണിച്ച് പുത്തൻകാവിനു തിരിച്ചു. നാലു മണിക്ക് അവിടെ എത്തി. തീമോത്തിയോസ് മെത്രാച്ചനും ദാനിയേൽ റമ്പാച്ചനും നേരത്തെ വന്നിരുന്നു. കബറിന്റെ പണികൾ ഭംഗിയാക്കിയിട്ടുണ്ട്. പെരുന്നാൾ ചടങ്ങുകൾ ധൃതഗതിയിൽ നടന്നുവരുന്നു.

22-4-1952. പുത്തൻകാവ്. രാവിലെ ദാനിയേൽ റമ്പാച്ചനും കുറ്റിയിൽ കത്തനാരും, പീടികയിലെ കത്തനാരും കൂടി മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. രണ്ടു മണിക്ക് വൈദിക മീറ്റിംഗ് കൂടി. പത്തനംതിട്ട കോളജിനെപ്പറ്റിയായിരുന്നു പ്രധാനമായി ആലോചിച്ചത്. അതിനെപ്പറ്റി നാമും മെത്രാച്ചനും മറ്റു പലരും ശക്തിയായി പറഞ്ഞു. ഈ വർഷം തന്നെ അതു തുടങ്ങണമെന്നും അതിന് വൈദികരും ഒത്തൊരുമിച്ച് ഇടവകക്കാരെ സഹകരിപ്പിച്ചു പ്രവർത്തനം ആരംഭിക്കണമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. അതിന് ഒരു കമ്മിറ്റിയെയും മറ്റും തിരഞ്ഞെടുത്തശേഷം യോഗം അവസാനിച്ചു.

നാലു മണിയോടു കൂടെ തേവോദോസ്യോസ് മെത്രാച്ചനും, കുറിയാക്കോസ് റമ്പാൻ, അട്ടച്ചാക്കൽ റമ്പാൻ, ഓതറെ റമ്പാൻ എന്നിവരും കുറെ അച്ചന്മാരും ശെമ്മാശന്മാരും വന്നുചേർന്നു. തേവോദോസ്യോസ് മെത്രാച്ചൻ കോയമ്പത്തൂർ നിന്നും വരുന്ന വഴിയാണ്. അദ്ദേഹത്തിന്റെ സുഖക്കേടുകൾ എല്ലാം വളരെ കുറവുണ്ട്. തണുപ്പുകാലമായിട്ട് ഹേർണിയ ഓപ്പറേറ്റ് ചെയ്യണമെന്ന് ഡോക്ടേഴ്സ് അഭിപ്രായപ്പെട്ടു എന്നും മറ്റും പറഞ്ഞു.

ആറര മണിക്ക് സന്ധ്യാനമസ്കാരം ആരംഭിച്ചു. നമസ്കാരവും കബറുങ്കൽ ധൂപാർപ്പണവും പ്രത്യേക പ്രാർത്ഥനയും കഴിഞ്ഞശേഷം പള്ളിയിൽ നിന്നും കുരിശുങ്കൽ വരെ റാസയും മറ്റും ഉണ്ടായിരുന്നു. അതിനുശേഷം ഓതറെ റമ്പാച്ചൻ പ്രസംഗിച്ചു.

23-4-1952. പുത്തൻകാവ്. മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ ഓർമ്മദിനം. ഏപ്രിൽ 17-ാം തീയതി ആയിരുന്നെങ്കിലും അന്ന് പെസഹാ ദിവസമാകയാൽ ആഘോഷങ്ങൾ ഇന്നത്തേക്കു മാറ്റിവച്ചതനുസരിച്ചാണ് ഇന്നലെയും ഇന്നുമായി പെരുനാൾ കൊണ്ടാടുന്നത്.

രാവിലെ നാമും തീമോത്തിയോസ് മെത്രാച്ചനും, തേവോദോസ്യോസ് മെത്രാച്ചനും കൂടി മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. കുർബ്ബാന കഴിഞ്ഞ് കബറുങ്കൽ പ്രത്യേക പ്രാർത്ഥനയും ധൂപാർപ്പണവും നടത്തി. കുർബ്ബാനയിൽ വലിയ ആൾക്കൂട്ടം സംബന്ധിച്ചിരുന്നു. കുർബ്ബാനയിൽ സംബന്ധിച്ച എല്ലാവർക്കും പള്ളിക്കാരുടെ വകയായി പായസസൽക്കാരം ഉണ്ടായിരുന്നു. കോട്ടയത്തു നിന്നും മാനേജരു കത്തനാരും മാളിയേക്കലെ കുട്ടിയപ്പനും മറ്റും വന്നിരുന്നു. ഉച്ചകഴിഞ്ഞ് ബഥേലിൽ നിന്നും പള്ളിയിലേക്കു ഒരു വിലാപയാത്ര ഉണ്ടായിരുന്നു. സ്ത്രീപുരുഷ ഭേദമെന്യേ വളരെ അച്ചടക്കത്തോടും ഭക്ത്യാദരവോടും കൂടി വളരെ അധികം ആളുകൾ ഇതിൽ സംബന്ധിച്ചു. നാലര മണിക്ക് വിലാപയാത്ര പള്ളിയിൽ എത്തി. തീമോത്തിയോസ് മെത്രാച്ചൻ കബറുങ്കൽ പ്രത്യേക പ്രാർത്ഥന നടത്തി ഒരു ചെറു പ്രസംഗം ചെയ്തു. അതിനുശേഷം ആശീർവാദത്തോടുകൂടി പെരുന്നാൾ ചടങ്ങുകൾ അവസാനിച്ചു. തേവോദോസ്യോസ് മെത്രാച്ചനും, ദാനിയേൽ റമ്പാച്ചനൊഴിച്ച് എല്ലാ റമ്പാച്ചന്മാരും ഇന്നു തന്നെ തിരിച്ചുപോയി.

24-4-1952. പുത്തൻകാവ്, നരിയാപുരം. രാവിലെ മാത്യൂസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന കഴിഞ്ഞ് പത്തനംതിട്ടയ്ക്കു തിരിച്ചു. ദാനിയേൽ റമ്പാച്ചനും നമ്മോടുകൂടെ പോന്നിരുന്നു. പത്തു മണിക്ക് മാക്കാംകുന്നു പള്ളിയിൽ എത്തി. ലുത്തിനിയാ കഴിഞ്ഞ് ഹൈസ്ക്കൂൾ മാറ്റി സ്ഥാപിക്കുന്നതിനു വാങ്ങിയിട്ടുള്ള സ്ഥലവും അവിടുത്തെ പണികളും സന്ദർശിച്ചു. കോറെപ്പിസ്ക്കോപ്പാ അച്ചനും, മകൻ അച്ചനും ഈപ്പൻ കത്തനാരും, ബാങ്ക് മാനേജർ, കുഴീലേ ജോർജ്ജ്, പി. ഇ. ചെറിയാൻ മുതലായി പലരും അവിടെ കൂടിയിരുന്നു. അവിടെ എല്ലാം കണ്ടതിനുശേഷം അതിനടുത്തു താമസിക്കുന്ന ഏ. ജി. തോമസ് വക്കീലിന്റെ അപേക്ഷപ്രകാരം അയാളുടെ വീട്ടിൽ കയറി പ്രാർത്ഥന നടത്തി. അവിടെ നിന്നും പഴയ ഹൈസ്കൂൾ (കോളജ് സ്ഥാപിക്കുന്ന സ്ഥലം) സന്ദർശിച്ചശേഷം തിരിച്ച് പള്ളിയിൽ എത്തി. ഉച്ചമേശ കഴിഞ്ഞ് നരിയാപുരത്തിനു തിരിച്ചു. നാലു മണിക്ക് അവിടെ എത്തി. ബീ.ബീ. എസ്റ്റേറ്റിൽ ചൊല്ലുന്ന നരിയാപുരംകാരൻ പപ്പ്യാസ് കത്തനാരും, നരിയാപുരം പള്ളി വികാരി കങ്ങഴക്കാരൻ കത്തനാരും, മുൻ വികാരി ഹരിപ്പാട്ടുകാരൻ കത്തനാരും അവിടെ വന്നിരുന്നു. രാത്രി പള്ളിയിൽ താമസിച്ചു.

(തുടരും)

അചഞ്ചല നിലപാടിന്റെ ഇടയൻ

ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ



ഓർമ്മ ജൂലൈ 13-നു
കോട്ടയം ദേവലോകം അരമന ചാപ്പലിൽ

പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ ഉറച്ച നിലപാടുകളുടെ കാവൽക്കാരനായിരുന്നു. മലങ്കരസഭയിലെ ഒരു മെത്രാപ്പോലീത്താ എന്ന നിലയിലും പൗരസ്ത്യ കാതോലിക്കാ എന്ന നിലയിലും ധീരമായ നിലപാടുകൾ സ്വീകരിച്ച് സഭയെ നയിച്ച പിതാവാണ്. 2017 ജൂലൈ 3-ന് സഭാതർക്കം സംബന്ധിച്ച് സുപ്രീംകോടതിയുടെ വിധി ഉണ്ടായപ്പോൾ സഭയുടെ ഐക്യത്തിനും ശാശ്വത സമാധാനത്തിനും വേണ്ടി സഭയിലെ രണ്ടു വിഭാഗങ്ങൾക്കുമായി പുറത്തിറക്കിയ കല്പനയിൽ പ്രകടമാക്കിയിരിക്കുന്ന നിലപാടിൽ തിരുമേനി അവസാനം വരെ ഉറച്ചു നിന്നു.

കല്പനയിലെ നിലപാടുകളോട് ക്രിയാത്മക പ്രതികരണം രണ്ടു വിഭാഗങ്ങളും ഒരുപോലെ നടത്തിയിരുന്നുവെങ്കിൽ സഭയിൽ ഇതിനോടകം സമാധാനവും ഐക്യവും സംജാതമാകുമായിരുന്നു. സഭയുടെ എല്ലാ ദേവാലയങ്ങളിലും സഭാഭരണഘടന അനുസരിച്ചും സഭയുടെ ഉറച്ച പാരമ്പര്യം അടിസ്ഥാനപ്പെടുത്തിയും ഭരണനിർവ്വഹണവും ആരാധനാനുഷ്ഠാനങ്ങളും നിർവ്വഹിക്കണമെന്ന് പ. ബാവാ തിരുമേനിക്ക് നിർബന്ധമായിരുന്നു. പൊതുവേദികളിൽ നിന്നും ആഘോഷങ്ങളുടെ ആരവങ്ങളിൽ നിന്നും കഴിവിന്റെ പരമാവധി ഒഴിഞ്ഞുനിൽക്കുവാൻ ശ്രമിച്ച പരിശുദ്ധ പിതാവ് സഭയുടെ സുപ്രധാന ഘട്ടങ്ങളിലൊക്കെ ധൈര്യപൂർവ്വം നിലപാട് എടുക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്തിരുന്നു എന്നതാണ് യാഥാർത്ഥ്യം.

രാഷ്ട്രീയ-മത രംഗങ്ങളിൽ ചിലർ ചെയ്യുന്നതുപോലെ ജനങ്ങളുടെ ശ്രദ്ധയും ആദരവും പിടിച്ചെടുക്കാനുള്ള കൃത്രിമമായ അഭ്യാസങ്ങളൊന്നും അദ്ദേഹം നടത്തുമായിരുന്നില്ല. തന്റെ വ്യക്തിത്വവും, സഭയുടെ സ്വത്വബോധവും സ്വാതന്ത്ര്യവും ആർക്കും അടിയറ വയ്ക്കുവാൻ സാധിക്കുകയില്ല എന്ന അദ്ദേഹത്തിന്റെ ഉറച്ച നിലപാട് എതിരാളികൾ എന്ന് സ്വയം കരുതുന്നവരുടെ ധാരാളമായ പരിഹാസശരങ്ങൾക്ക് കാരണമായിട്ടുണ്ടെന്നതും വസ്തുതയാണ്. ശിക്ഷണബോധം വൈദികസ്ഥാനികളിലും വിശ്വാസികളിലും ഉണ്ടായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. നിയമം തെറ്റിക്കുന്ന വൈദികരോടും പള്ളിപ്രമാണികളോടും കർശനമായിത്തന്നെ ഇടപെട്ടു. അപ്രിയ സത്യങ്ങൾ അധികാരികളോടുപോലും വിളിച്ചു പറയുന്നതിൽ ഒരിക്കലും മടി കാണിച്ചിട്ടില്ല. നിലപാടുകളിൽ കാർക്കശ്യക്കാരനായിരുന്നുവെങ്കിലും വളരെ ലളിതമാനസനും കുഞ്ഞുങ്ങളെ സ്നേഹിക്കുന്നവനും ദരിദ്രരെ സഹായിക്കുന്നവനും തിരുമുമ്പിൽ സേവ ഇഷ്ടപ്പെടാത്തവനുമായിരുന്നു പരിശുദ്ധ ബാവ തിരുമേനി എന്നത് ഏവർക്കും അറിയാവുന്ന സത്യമാണ്.

മലങ്കരസഭയിലുണ്ടാകുന്ന ആഭ്യന്തര വിഷയങ്ങളോടും സഭയുടെ വളർച്ചയ്ക്ക് തടസമായി വരുന്ന ബാഹ്യ ഇടപെടലുകളോടും തിരുമേനി എപ്പോഴും പ്രതികരിച്ചിരുന്നത് ഒരു ധീരോദാത്ത വിശുദ്ധിയോടെയാണ്. നീതിയും നിയമവും ഉറപ്പാക്കുന്നതിനുവേണ്ടി കോലഞ്ചേരിയിൽ നടത്തിയ നിരാഹാര സമരവും ചേലക്കര പള്ളിയിലെ കെ. പി. ഐസക്ക് അച്ചനെ കുത്സിതമാർഗ്ഗങ്ങളിലൂടെ കാരാഗ്രഹത്തിലടച്ചപ്പോൾ കാരാഗ്രഹത്തിനു മുന്നിൽ തിരുമേനി ചെയ്ത നിൽപുസമരവും വിസ്മരിക്കപ്പെട്ടിട്ടില്ല. സഭയ്ക്കുള്ളിലെ ചില ഇടവകകളിൽ നിന്ന് നിയമവിരുദ്ധവും ശിക്ഷണരാഹിത്യപരവുമായ നടപടികൾ ഉണ്ടായപ്പോൾ അവയെ തിരുത്തുകയും അവരോട് ക്ഷമിക്കുകയും ചെയ്ത രീതികളും മറക്കാറായിട്ടില്ല. ആരുടെയും ഭീഷണികൾക്ക് അദ്ദേഹം ഒരിക്കലും വഴങ്ങിയിരുന്നില്ല. 2017 ജൂലൈ 3-ന് സുപ്രീംകോടതി പുറപ്പെടുവിച്ച സഭാതർക്കം സംബന്ധിച്ച അന്തിമവിധി സഭയുടെ ഇടവകകളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നേരിടേണ്ടി വന്ന വ്യക്തിഹത്യകളും ഭീഷണികളും തിരുമേനിയെ സ്പർശിച്ചതായി തോന്നിയിട്ടില്ല. ഭീഷണികളുടെ മുമ്പിൽ രാജ്യനിയമവും ദൈവനീതിയും സത്യവും ധർമ്മവും ബലികഴിക്കപ്പെടരുത് എന്ന നിർബന്ധബുദ്ധി അദ്ദേഹത്തിന് ഉണ്ടായിരുന്നു.

എക്യുമെനിക്കൽ ബന്ധങ്ങൾക്കും സാമുദായിക ബന്ധങ്ങൾക്കും സൗഹൃദത്തിനും പരിശുദ്ധ ബാവ തിരുമേനി അധികം വില കൽപിച്ചിരുന്നു. എന്നാൽ സഭയുടെ നിഷ്ഠകൾക്കും നിലപാടുകൾക്കും ഇത്തരം ബന്ധങ്ങൾ തടസ്സമാകരുത് എന്ന നിർബന്ധവും അദ്ദേഹം വച്ചു പുലർത്തി. ആത്മീയ പുരുഷന്മാരുടെ തനതു സിദ്ധികളായ മഹിമയും ഗരിമയും അവരുടെ ആന്തരീക ചൈതന്യത്തെ ജ്വലിപ്പിക്കുന്നവയാണ്. അതുകൊണ്ടുതന്നെ നിർഭയത്വം, നിസ്സംഗത്വം എന്നീ ഗുണവിശേഷങ്ങൾ അവരിൽ ആവോളം തെളിഞ്ഞും വിളങ്ങിയും നിൽക്കും.

പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ ബാവായുടെ വ്യക്തിപ്രഭാവത്തിലും അടിസ്ഥാന ഗുണങ്ങളിലും ഇവയെല്ലാം നിറഞ്ഞു നിന്നിട്ടുണ്ട്. സത്യദൈവത്തിലുള്ള ഉറച്ച വിശ്വാസവും സഭയോടുള്ള ഭക്തിയും കൂറും അദ്ദേഹത്തെ എപ്പോഴും കർമ്മനിരതനാക്കി. ദൈവത്തെ സ്നേഹിക്കുന്നവർക്കും നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കും സർവ്വതും നന്മയ്ക്കായി വ്യാപരിക്കുന്നു എന്ന തിരുവചനം പരിശുദ്ധ ബാവാതിരുമേനിയുടെ ജീവിതത്തിൽ തികച്ചും അർത്ഥവത്താണ്.

പ. ബാവാ തിരുമേനി അധികം പരസ്യമില്ലാതെയാണ് ചാരിറ്റി പ്രവർത്ത



നങ്ങൾ നടത്തിയത്. അദ്ദേഹത്തിന്റെ സാമീപ്യവും സാന്നിധ്യവും നിർദ്ധനർക്ക് ആശ്വാസവും സ്നേഹവും പകർന്നിരുന്നു. എല്ലാവർക്കും സ്നേഹവും വാത്സല്യവും നൽകുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അടുത്തു ചെല്ലുന്നവരെ കപടതയില്ലാതെ സ്നേഹിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

മരണഭയമില്ലാതെ ജീവിച്ച പിതാവാണ് പ. പൗലോസ് ദ്വിതീയൻ ബാവ. രോഗി ആയിരുന്നപ്പോഴും രോഗാവസ്ഥ കൂടിയപ്പോഴും അധികനാൾ ജീവിക്കുകയില്ല എന്ന് അറിയാമായിരുന്നു. അതിനാൽ സന്തോഷത്തോടെ ഒരുങ്ങി ജീവിച്ചു. ആശുപത്രി ഐ.സി. മുറിക്കുള്ളിൽ പല പ്രാവശ്യവും ഞാൻ ചെന്നിട്ടുണ്ട്. അപ്പോഴെല്ലാം സഭയുടെ ഭാവി പദ്ധതികൾ എന്തായിരിക്കണമെന്നും നിലപാടുകൾ എങ്ങനെ ആയിരിക്കണം എന്നും പറയുമായിരുന്നു. “ഞാൻ മരണത്തെ ഭയക്കുന്നില്ല. ഞാൻ മരിച്ചാലും എന്റെ സഭയ്ക്ക് ഒരു പോറൽ പോലും ഉണ്ടാകരുത്” എന്നതായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. മരണം അടുത്തു എന്ന് ബോധ്യം വന്നപ്പോൾ അത്യാവശ്യം ചെയ്തു തീർക്കേണ്ട നിയോഗങ്ങൾ എല്ലാം പൂർത്തിയാക്കി.

പരിശുദ്ധ ബാവാ തിരുമേനി 2019 അവസാനം മുതൽ രോഗബാധിതനായിരുന്നുവെങ്കിലും രോഗത്തോടു കൃത്യമായി പ്രതികരിക്കുകയും പ്രതിരോധിക്കുകയും ചെയ്തിരുന്നു. കുറച്ചുകാലം കൂടി ഭൂമിയിൽ ജീവിച്ചിരുന്ന് സഭയെ നയിക്കും എന്നതായിരുന്നു ഏവരുടേയും പ്രതീക്ഷ. എന്നാൽ ദൈവഹിതത്തിന് നാം വിധേയപ്പെടുന്നു. ഭാഗ്യകരമായ ഒരു ദേഹവിയോഗം പരിശുദ്ധ പിതാവിന് ലഭിച്ചു. അദ്ദേഹത്തിന്റെ മുൻഗാമിയും കോട്ടയം എം.ഡി. സെമിനാരി സ്ഥാപകനുമായിരുന്ന മലങ്കര സഭാതേജസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ 112-ാം ഓർമ്മപ്പെരുന്നാൾ ദിവസം, 2021 ജൂലൈ 12-ാം തീയതി തിങ്കളാഴ്ച പുലർച്ചെ 2.35-നാണ് ശരീരപ്രകാരം പ. പിതാവ് വിടവാങ്ങിയത്.

2021 ജൂലൈ 7-ന് തിരുമേനിയുടെ ആരോഗ്യസ്ഥിതി ആശങ്കാജനകമാകുന്നു എന്ന അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് സഭയിലെ അഭിവന്ദ്യ മെത്രാപ്പോലീത്താമാരുടേയും സഭാസ്ഥാനികളുടേയും വൈദികരുടേയും പരിശുദ്ധ പിതാവിന്റെ കുടുംബാംഗങ്ങളുടേയും സാന്നിദ്ധ്യം പരുമല ആശുപത്രിയിലും പരുമല പള്ളിയിലും പരിസരങ്ങളിലുമായി ഉണ്ടായിരുന്നു. 11-നു ഞായറാഴ്ച രാവിലെ പരുമല പള്ളിയിലും പരിസരപ്രദേശങ്ങളിലെ ദേവാലയങ്ങളിലും വിശുദ്ധ കുർബ്ബാന അർപ്പിച്ച ശേഷം ആശുപത്രിയിലെത്തിയ അഭിവന്ദ്യ തിരുമേനിമാർ, പരിശുദ്ധ പിതാവിനെ ചികിത്സിക്കുന്ന ഡോക്ടർമാരുമായി ചർച്ച ചെയ്ത് സ്ഥിതിഗതികൾ വിലയിരുത്തിയതിനുശേഷം തിരുമേനിയുടെ കിടക്കയ്ക്ക് അരികിൽ ആരംഭിച്ച ജാഗരണങ്ങളും പ്രാർത്ഥനകളും അനുസ്യൂതം തുടർന്നു.

ഇടവിടാതെയുള്ള പ്രാർത്ഥനയുടെ ഭാഗമായി തിങ്കളാഴ്ച പുലർച്ചെ രാത്രി പ്രാർത്ഥനയുടെ അവസാനം, ‘അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ’ എന്നു തുടങ്ങുന്ന മാലാഖമാരുടെ സ്തുതിപ്പ് ആലപിച്ചുകൊണ്ടിരിക്കുമ്പോഴാണ് പരിശുദ്ധ പിതാവ് താൻ പ്രിയംവെച്ച സ്വർഗ്ഗീയ നാഥനോടും, തന്റെ പൂർവ്വികരോടും ചേർന്നത്. തുടർന്ന് കൗമായും വിശ്വാസ പ്രമാണവും ചൊല്ലി പ്രാർത്ഥന അവസാനിപ്പിച്ചു. പ്രാർത്ഥനയുടെ അന്തരീക്ഷത്തിൽ സ്വജീവനെ ദൈവകരങ്ങളിൽ തിരിച്ചേൽപ്പിക്കുവാൻ ലഭിക്കുന്ന അവസരം ഭാഗ്യകരം തന്നെ.

2020 ഡിസംബർ മാസത്തിൽ ചെന്നൈ അപ്പോളോ ഇന്റർനാഷണൽ ക്യാൻസർ കെയർ സെന്ററിൽ ചികിത്സയ്ക്കു വിധേയനായ പരിശുദ്ധ പിതാവ് ഡിസംബർ 23-ന് കേരളത്തിലെത്തി, തുടർന്ന് പരുമല സെമിനാരി ചാപ്പലിൽ യൽദോ

പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ കാതോലിക്കാ

1946 ഓഗസ്റ്റ് 30: പഴഞ്ഞി മങ്ങാട് കൊള്ളന്നൂർ കെ. ഐ. ഐപ്പിന്റെ മകനായി ജനിച്ചു (പേര് കെ. ഐ. പോൾ).

1972 ഏപ്രിൽ 8: പരുമല സെമിനാരിയിൽ വച്ച് യൂഹാനോൻ മാർ സേവേറിയോസിൽ നിന്നും കോറൂയോ പട്ടമേറ്റു.

1973 മെയ് 31: കൊരട്ടി സീയോൻ സെമിനാരിയിൽ വച്ച് യൂഹാനോൻ മാർ സേവേറിയോസിൽ നിന്നും പൂർണ്ണ ശെമ്മാശുപട്ടമേറ്റു.

1973 ജൂൺ 2: പരുമല സെമിനാരിയിൽ വച്ച് യൂഹാനോൻ മാർ സേവേറിയോസിൽ നിന്നും കശ്ശീശാ പട്ടമേറ്റു.

1982 ഡിസംബർ 28: തിരുവല്ല എം.ജി.എം. സ്കൂളിൽ നടന്ന മലങ്കര അസോസിയേഷൻ മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു.

1983 മെയ് 14: പരുമല സെമിനാരിയിൽ വച്ച് മാത്യൂസ് മാർ കൂറിലോസ് (പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ) റമ്പാൻ സ്ഥാനം നൽകി.

1985 മെയ് 15: മാവേലിക്കര പുതിയകാവ് പള്ളിയിൽ വച്ച് പൗലോസ് മാർ മിലിത്തിയോസ് എന്ന പേരിൽ എപ്പിസ്കോപ്പാ സ്ഥാനമേറ്റു.

1985 ഓഗസ്റ്റ് 1: കുന്നംകുളം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി ചുമതലയേറ്റു.

1991 ഒക്ടോബർ 25: പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് രണ്ടാമൻ കാതോലിക്കാ ബാവാ പഴയസെമിനാരിയിൽ വച്ച് മെത്രാപ്പോലീത്തായായി ഉയർത്തി.

2006 ഒക്ടോബർ 12: പരുമല സെമിനാരിയിൽ നടന്ന മലങ്കര അസോസിയേഷൻ നിയുക്ത കാതോലിക്കായായി തിരഞ്ഞെടുത്തു.

2010 ഒക്ടോബർ 31: പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ മലങ്കര മെത്രാപ്പോലീത്താ സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്തായായി ചുമതലയേറ്റെടുത്തു.

2010 നവംബർ 1: പരുമല സെമിനാരിയിൽ വച്ച് പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് രണ്ടാമൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കായായി സ്ഥാനമേറ്റു. പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ സ്ഥാനാരോഹണ ശുശ്രൂഷയിൽ മുഖ്യ കാർമ്മികൻ ആയിരുന്നു. മുൻഗാമിയാൽ വാഴിക്കപ്പെട്ട ആദ്യ പൗരസ്ത്യ കാതോലിക്കാ.

2012 മാർച്ച് 7: പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നടന്ന മലങ്കര അസോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചു.

2012 നവംബർ 18: കെയ്റോയിൽ നടന്ന കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ തലവൻ പ. തെവദ്രോസ് രണ്ടാമൻ പോപ്പിന്റെ സ്ഥാനാരോഹണശുശ്രൂഷയിൽ പ്രത്യേതക്ഷണിതാവായി സംബന്ധിച്ചു.

2012 നവംബർ 25: എറണാകുളം മറൈൻ ഡ്രൈവിൽ നടന്ന കാതോലിക്കേറ്റ് ശതാബ്ദി മഹാസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ടിബറ്റൻ ആത്മീയാചര്യൻ ദലൈലാമാ മുഖ്യാതിഥി ആയിരുന്നു.

2013 ഫെബ്രുവരി 28: ആഡിസ് അബാബയിൽ നടന്ന എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ തലവൻ പ. ആബൂനാ മത്ഥിയാസ് പാത്രിയർക്കീസിന്റെ സ്ഥാനാരോഹണശുശ്രൂഷയിൽ മുഖ്യ അതിഥിയായി പങ്കെടുത്തു.

2013 സെപ്റ്റംബർ 5: വത്തിക്കാനിൽ വച്ച് റോമൻ കത്തോലിക്കാ സഭയുടെ തലവൻ പ. ഫ്രാൻസിസ് മാർപാപ്പായുമായി കൂടിക്കാഴ്ച നടത്തി.

2013 സെപ്റ്റംബർ 9: ആംഗ്ലിക്കൻ സഭാ ആസ്ഥാനമായ ലാംബത്ത് പാലസിൽ നടന്ന എക്യുമെനിക്കൽ സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു.

2015 ഏപ്രിൽ 24: അർമേനിയായിൽ 1915-ൽ നടന്ന വംശവിച്ഛേദനത്തിന്റെ നൂറാം അനുസ്മരണ ശുശ്രൂഷയിൽ മുഖ്യാതിഥിയായി സംബന്ധിച്ചു.

2015 ഏപ്രിൽ 25: പ. ഇഗ്നാത്തിയോസ് അപ്രേം രണ്ടാമനുമായി അർമേനിയായിൽ വച്ച് കൂടിക്കാഴ്ച നടത്തി.

2015 ജൂലൈ 20: അർമേനിയൻ രക്തസാക്ഷികളുടെ സ്മരണാർത്ഥം ബെയ്റൂട്ടിൽ നടന്ന അനുസ്മരണ ശുശ്രൂഷയിലും അർമേനിയൻ സഭയുടെ വി. മൂറോൻ കൂദാശയിലും മുഖ്യാതിഥിയായി പങ്കെടുത്തു.

2017 മാർച്ച് 1: കോട്ടയം എം.ഡി. സെമിനാരിയിൽ നടന്ന മലങ്കര അസോസിയേഷനിൽ അദ്ധ്യക്ഷത വഹിച്ചു.

2019-ൽ റഷ്യൻ പാത്രിയർക്കീസ് പ. കിറിൾ ബാവായുമായി മോസ്ക്കോയിൽ സംഭാഷണം നടത്തി, ഉദയ കക്ഷി ബന്ധത്തിന് സമിതി രൂപീകരിച്ചു.

2021 ജൂലൈ 12-നു പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയിൽ വച്ച് കാലം ചെയ്തു. ജൂലൈ 13-നു വൈകുന്നേരം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ കബറടക്കി.

വഹിച്ച പദവികൾ: സൺഡേസ്കൂൾ പ്രസ്ഥാനം പ്രസിഡന്റ്, യുവജനപ്രസ്ഥാനം പ്രസിഡന്റ്, വിദ്യാർത്ഥി പ്രസ്ഥാനം വൈസ് പ്രസിഡന്റ്, മലങ്കരസഭാ മാസികയുടെ വൈസ് പ്രസിഡന്റ്, പഴഞ്ഞി എം.ഡി. കോളജ് ലോക്കൽ മാനേജർ.

കൃതികൾ: വചനം വിടരുന്നു, നിഷ്കളങ്കതയുടെ സൗന്ദര്യം, അനുഭവങ്ങൾ ധ്യാനങ്ങൾ, ജീവിതക്കാഴ്ചകൾ.

പെരുന്നാൾ ശുശ്രൂഷകളുടെ മുഖ്യകാർമ്മികനായി. ഒരു സഹായി എന്ന നിലയിൽ ബലഹീനനായ ഞാൻ ഒപ്പമുണ്ടായിരുന്നുവെങ്കിലും ശുശ്രൂഷകളുടെ കാർമികത്വം പൂർണമായും തിരുമേനി തന്നെയാണ് നിർവ്വഹിച്ചത്. 2021 ഫെബ്രുവരി 20 വരെ സഭയിലെ ആരാധനകൾക്ക് നേതൃത്വം നൽകുകയും സഭാഭരണ കാര്യങ്ങൾ കൃത്യമായി നിർവ്വഹിച്ചു വരുകയും ചെയ്തു. 2021 ഫെബ്രുവരിയിൽ കൂടിയ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ആദ്യ ദിന യോഗം (ഫെബ്രുവരി 22) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രാർത്ഥനയ്ക്കും വിശ്രമത്തിനുമായി പോയ പിതാവിന് രാത്രിയിലുണ്ടായ പനി ബാധയെത്തുടർന്ന് നടത്തിയ പരിശോധനയിൽ കോവിഡ് സ്ഥിരീകരിച്ചു. അന്നേ ദിവസം പരുമല ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട തിരുമേനി പിന്നീട് കോവിഡ് മുക്തനായെങ്കിലും കോവിഡാനന്തര ബുദ്ധിമുട്ടുകൾ അദ്ദേഹത്തിന്റെ ആരോഗ്യത്തെ ബാധിക്കുകയുണ്ടായി. ഇന്ത്യയിലും വിദേശത്തുമുള്ള വിദഗ്ധരായ ഡോക്ടറന്മാർ ഒരുമിച്ചു ചേർന്നാണ് പ. ബാവാ തിരുമേനിയുടെ ചികിത്സകൾക്ക് നേതൃത്വം നൽകി വന്നത്. ലോകപ്രകാരം തിരുമേനിയുടെ രോഗസൗഖ്യത്തിനു വേണ്ടി അവർക്കു ചെയ്യാവുന്നതിന്റെ പരമാവധി അവർ ചെയ്തു.

2021 ഫെബ്രുവരി 22 മുതൽ ജൂലൈ 12 വരെയുള്ള ദിനങ്ങൾ പരിശുദ്ധ പിതാവിനെ സംബന്ധിച്ചിടത്തോളം നിത്യതയിലേക്കുള്ള ഒരുക്കത്തിന്റെ സമയങ്ങളായിരുന്നു. ഞാൻ നേരിട്ടു കണ്ടതും മനസിലാക്കിയതുമായ ചില വസ്തുതകൾ മാത്രം ഇവിടെ കുറിക്കാം:

1. ആശുപത്രിയിൽ നിന്ന് തന്നെ സഭയുടെ ഭരണകാര്യങ്ങൾ കൃത്യമായി നിയന്ത്രിച്ചും സമയാസമയങ്ങളിൽ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ്, സഭാ മാനേജിംഗ് കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി തുടങ്ങി സഭയുടെ ഔദ്യോഗിക സമിതികളുടെയെല്ലാം യോഗങ്ങളിൽ അധ്യക്ഷനായി ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതിന് നേതൃത്വം നൽകി.

2. പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ പിതാവിന് ഒരു പിൻഗാമിയെ തെരഞ്ഞെടുക്കുവാനുള്ള നടപടിക്രമങ്ങൾ സഭാഭരണഘടനപ്രകാരം തുടങ്ങി വച്ചു.

3. രോഗികൾക്കുള്ള തൈലാഭിഷേക ശുശ്രൂഷ പരിശുദ്ധ പിതാവിന് ആവശ്യമാണെന്ന് ബോധ്യമായ സമയത്ത് സ്വയമായി അതിനുള്ള ക്രമീകരണങ്ങൾ ചെയ്ത് തൈലാഭിഷേക ശുശ്രൂഷ സ്വീകരിച്ചു. കന്തീലാ ശുശ്രൂഷ നടത്തുവാൻ പരിശുദ്ധ സുന്നഹദോസ് അംഗങ്ങൾ ആഗ്രഹം പ്രകടിപ്പിച്ചുവെങ്കിലും ലളിതമായി തൈലാഭിഷേക ശുശ്രൂഷ നടത്തിയാൽ മതി എന്ന് പിതാവ് അവരെ ബോധ്യപ്പെടുത്തി. പ. ബാവായുടെ സ്ഥിരം കുമ്പസാര പിതാവിനെ ആശുപത്രിയിൽ വിളിച്ചു വരുത്തി കുമ്പസാരം നടത്തി. വിശുദ്ധ കുർബ്ബാന യഥാസമയങ്ങളിൽ അനുഭവിച്ചു. 2021 ജൂലൈ 11-നാണ് അവസാനമായി വിശുദ്ധ കുർബ്ബാന അനുഭവിച്ചത്. ആശുപത്രി വാസത്തിൽ ചികിത്സാസമയവും ഭരണനിർവ്വഹണ സമയവും കഴിഞ്ഞാൽ പ്രാർത്ഥന മാത്രമായിരുന്നു പ്രധാനമായും ചെയ്തിരുന്നത്.


4. പരിശുദ്ധ പിതാവിന് പിണക്കം ഉണ്ടെന്ന് തോന്നിയവരെയും പരിശുദ്ധ പിതാവിനോടു പിണക്കം ഉണ്ടെന്ന് പിതാവിന് തോന്നിയവരെയും വിളിച്ചു വരുത്തി അനുരഞ്ജനം നടത്തി. പ്രാർത്ഥിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. അതേസമയം തന്റെ ശുശ്രൂഷാ കാലയളവിൽ തന്നെ കബളിപ്പിച്ചു എന്നു ബോധ്യമായവരെക്കുറിച്ച് ചുമതലപ്പെട്ട മറ്റുള്ളവരെ ബോധ്യപ്പെടുത്തി.

5. വ്യക്തിപരമായി ചെയ്തു തീർക്കേണ്ട എല്ലാ കാര്യങ്ങളും കൃത്യതയോടെ പ. ബാവാ ചെയ്തു തീർത്തു.

6. സഭയെക്കുറിച്ചുള്ള പരിശുദ്ധ പിതാവിന്റെ ഉറച്ച നിലപാടുകളും ആഗ്രഹങ്ങളും അഭിവന്ദ്യ തിരുമേനിമാരിൽ ചിലരോടും സഭാസ്ഥാനികളോടും മറ്റു പലരോടും ബോധ്യപ്പെടുത്തി.

7. പരിശുദ്ധ പിതാവിന്റെ കബറടക്കത്തിന്റെ സ്ഥലം, രീതികൾ എന്നിവയെക്കുറിച്ചുള്ള ആഗ്രഹങ്ങൾ കൃത്യമായി വെളിപ്പെടുത്തി. കബറടക്ക ശുശ്രൂഷകൾ ലളിതമായിരിക്കണമെന്ന് തിരുമേനിക്ക് നിർബ്ബന്ധമായിരുന്നു. പ. പിതാവിന്റെ ആഗ്രഹപ്രകാരം മാത്രമാണ് കബറടക്കത്തിനുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തത്.

കോവിഡ്-19 പശ്ചാത്തലത്തിൽപ്പോലും സഭാമക്കൾക്കും അഭ്യുദയകാംക്ഷികൾക്കും നേരിട്ടു വന്ന് അന്തിമോപചാരം അർപ്പിക്കുവാൻ ഇടയായതും ദേഹവിയോഗ സമയം മുതൽ ഇന്നയോളം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് സഭയ്ക്കു ലഭിച്ച ആശ്വാസ സന്ദേശങ്ങളും പരിശുദ്ധ പിതാവിന്റെ വ്യക്തിമാഹാത്മ്യത്തേയും ജീവിത വിശുദ്ധിയേയും എടുത്തു കാട്ടുന്നു.



സഭാശുശ്രൂഷകൾക്കിടയിലെ പ്രതിസന്ധികളെ പുഞ്ചിരിയോടെ അദ്ദേഹം നേരിട്ടു. ജീവിത സായാഹ്നത്തിലെ ശാരീരിക വേദനകളോട് പ്രാർത്ഥനയോടും പുഞ്ചിരിയോടും പ്രതികരിച്ചു. ദൈവസന്നിധിയിലേക്കുള്ള യാത്രയും പുഞ്ചിരിയോടെ തന്നെ ആയിരുന്നു. വെളിപാട് 4-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്വർഗ്ഗീയ സിംഹാസനത്തിൽ ഇരിക്കുന്ന സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശ്യനായവന്റെ തിരുമുമ്പാകെ ഇരിക്കുന്ന പൊൻകിരീടം വച്ച ഇരുപത്തിനാലു മൂപ്പന്മാരുടെ പിൻഗാമി എന്ന നിലയിൽ അതേ ഗാംഭീര്യത്തോടെ ഇപ്പോൾ അദ്ദേഹം പുഞ്ചിരിക്കുന്നു. മണവാള വസ്ത്രം ധരിച്ച് വിശുദ്ധമായി കടന്നു ചെല്ലുന്ന നിഷ്കളങ്കതയുടെ സൗന്ദര്യമായവന് സ്വർഗ്ഗീയ മൂപ്പന്മാരുടെ നിരയിൽ സ്ഥാനം ലഭിച്ചിരിക്കുന്നു.

പരിശുദ്ധ ബാവാ തിരുമേനിയുമായുള്ള ബലഹീനനായ എന്റെ വ്യക്തിപരമായ അടുപ്പത്തിന്റെ ഇഴകളാണ് ഈ ഓർമ്മക്കുറിപ്പിലൂടെ പ്രകടമാക്കുവാൻ ശ്രമിക്കുന്നത്. ഞാൻ അദ്ദേഹത്തെ ആദ്യം കാണുന്നത് 1984 നവംബറിലെ പരുമല പെരുന്നാളിന് കോട്ടയം വൈദിക സെമിനാരിയിലെ ഒന്നാം വർഷ വിദ്യാർത്ഥി എന്ന നിലയിൽ വിശുദ്ധ കുർബ്ബാനയിൽ ഓർക്കുവാനുള്ള പേരുകൾ തീർത്ഥാടകരിൽ നിന്ന് സ്വീകരിക്കുന്നതിന് പരുമല കൗണ്ടറിൽ ഇരിക്കുമ്പോഴാണ്. സഭയിലെ നിയുക്ത മെത്രാന്മാർ പരുമലയിൽ താമസിച്ചുകൊണ്ട് മെത്രാഭിഷേകത്തിനുവേണ്ടി ഒരുങ്ങുന്ന സമയമായിരുന്നു അത്. അഞ്ചു പേരുടെ കൂട്ടത്തിലെ ഇളയ റമ്പാച്ചൻ സെമിനാരി വിദ്യാർത്ഥികളുടെ മനം കവർന്ന അനുഭവം ഒരിക്കലും വിസ്മരിക്കില്ല. 1985 മെയ് 15-ന് മാവേലിക്കര പുതിയകാവ് പള്ളിയിൽ നടന്ന മെത്രാഭിഷേകത്തിൽ സെമിനാരി വിദ്യാർത്ഥികൾ നയിക്കുന്ന ഗായകസംഘത്തിൽ ഞാനും ഉണ്ടായിരുന്നു.

1988-ൽ സെമിനാരി വിദ്യാഭ്യാസം പൂർത്തിയായ സമയത്ത് കുന്നംകുളം മെത്രാസന വൈദികർക്ക് ക്ലാസ് എടുക്കുവാൻ തിരുമേനി എന്നെ കൊണ്ടുപോയ സംഭവമാണ് പിന്നീട് ഓർമ്മയിലുള്ളത്. നല്ല പങ്ക് വൈദികരും

തിരുമേനിയെക്കാൾ പ്രായത്തിൽ മൂത്തവർ എന്ന ചിന്ത എന്നെ വല്ലാതെ ഭയപ്പെടുത്തി. എന്റെ മനോവിഷമം മനസിലാക്കിയ തിരുമേനി 'കുട്ടീ, ഭയപ്പെടേണ്ട, ഒരു കുഴപ്പവും സംഭവിക്കില്ല' എന്ന് പറഞ്ഞ് ആശ്വസിപ്പിച്ചതും മറക്കില്ല. സഭാകമ്പം ഇല്ലാതെ വൈദികരേയും വിശ്വാസികളേയും അഭിമുഖീകരിക്കുവാൻ ഇതൊരു കാരണമായി. പരിശുദ്ധ മാമോദീസായെ കുറിച്ചാണ് ഞാൻ അന്ന് ക്ലാസ് എടുത്തത്.

ദൈവശാസ്ത്ര ഉന്നതപഠനത്തിനുവേണ്ടി ഞാൻ റോമിൽ ആയിരുന്ന സമയത്ത് തിരുമേനി നൽകിയിട്ടുള്ള പ്രോത്സാഹനങ്ങൾ സന്തോഷത്തോടെയാണ് ഇപ്പോഴും ഓർക്കാറുള്ളത്. വൈദിക സെമിനാരി അദ്ധ്യാപകനായിരുന്ന സമയത്ത് പരിശുദ്ധ പിതാവിനോടൊപ്പം സഭാപരമായ പല ആവശ്യങ്ങൾക്കും യാത്ര ചെയ്തിട്ടുണ്ട്. പരിശുദ്ധ പിതാവിനും ബലഹീനനായ എനിക്കും സ്നേഹബന്ധമുള്ള ഒരു വിശ്വാസി കാർത്തിക പ്പള്ളിയിൽ നിര്യാതനായപ്പോൾ മെത്രാപ്പോലീത്താ ആയിരുന്ന പരിശുദ്ധ പിതാവ് അദ്ദേഹത്തിന്റെ കബറടക്കത്തിനുള്ള ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ സമയത്ത് കൂടെ ഞാനും ഉണ്ടായിരുന്നു. 'എന്തുകൊണ്ടാണ് പൂർണ്ണസമയവും ഞാൻ ഇവിടെ ആയിരിക്കുന്നത് എന്ന് ചിലപ്പോൾ ഇവിടെയുള്ള ആളുകൾ ചിന്തിക്കുമായിരിക്കും. പക്ഷേ എനിക്ക് അദ്ദേഹത്തോടുള്ള സ്നേഹവും കടപ്പാടും വളരെ വലുതാണ്' എന്നായിരുന്നു തിരുമേനിയുടെ ആത്മഗതം. തിരുമേനിയിലുള്ള നിഷ്കളങ്കതയും ആത്മാർത്ഥതയും തിരിച്ചറിയുവാൻ സാധിച്ച സമയമായിരുന്നു അത്.



വൈദികസെമിനാരിയിൽ ഞാൻ വാർഡനായിരിക്കുമ്പോൾ കുന്നംകുളം മെത്രാസനത്തിൽ നിന്നുള്ള ഓരോ കുട്ടിയുടേയും പശ്ചാത്തലവും സ്വഭാവവുമൊക്കെ തിരുമേനി നേരിട്ടു പറഞ്ഞു തരുമായിരുന്നു. കുട്ടികളെ മനസിലാക്കി പരിശീലിപ്പിക്കുന്നതിന് അത് എനിക്ക് സഹായകമായി. പരിശുദ്ധ പിതാവ് കപടത ഇല്ലാത്ത ഒരു മഹാപുരോഹിതൻ ആണെന്നും ഇടപാടുകളിൽ സുതാര്യത നിർബ്ബന്ധമാണെന്നും ഇടവിടാതെ രഹസ്യപ്രാർത്ഥനകൾ നടത്തുന്ന ഒരു പിതാവാണെന്നും മനസിലാക്കിയത് അദ്ദേഹത്തോടൊപ്പം നടത്തിയിട്ടുള്ള യാത്രകളിലാണ്.

ഒരു മെത്രാപ്പോലീത്താ എന്ന നിലയ്ക്കും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി എന്ന നിലയ്ക്കും പരിശുദ്ധ പിതാവിനോടൊപ്പം ചില യാത്രകൾ ഞാൻ ചെയ്തിട്ടുണ്ട്. എയർപോർട്ടുകളിലെ വിശ്രമ മുറികളിലും ചില സമയങ്ങളിൽ വിമാനത്തിലും കാറിലും ഒക്കെയിരുന്ന് രഹസ്യപ്രാർത്ഥനകൾ നടത്തുന്നത് ഒരു പ്രത്യേക കാഴ്ചയായിരുന്നു. കൈയിലുള്ള ചെറിയ പെട്ടിയിൽ നിന്നും റബ്ബർ ബാൻഡിട്ട് വച്ചിരിക്കുന്ന ചെറിയ പ്രാർത്ഥനാ പുസ്തകം തുറന്ന് അതിൽ സ്വയം എഴുതിവച്ചിരിക്കുന്ന പ്രാർത്ഥനകൾ രഹസ്യമായി ചൊല്ലുക എന്നത് തിരുമേനിയുടെ ശൈലിയായിരുന്നു. ചില സമയങ്ങളിൽ തിരുമേനിയുടെ കിടക്കയിൽപോലും പ്രാർത്ഥനാക്കുറിപ്പുകൾ സൂക്ഷിക്കുമായിരുന്നു. 'പ്രാർത്ഥനകൾ പൂർത്തിയാക്കാതെ ഉറങ്ങുവാൻ പാടില്ല' എന്ന നിർബ്ബന്ധം ഉള്ളതുകൊണ്ട് മറക്കാതിരിക്കുവാൻവേണ്ടി അവ കിടക്കയുടെ മേൽ കാണത്തക്ക രീതിയിൽ വയ്ക്കുന്നതാണ്.

പരിശുദ്ധ പിതാവിന് 70 വയസ്സായപ്പോൾ സപ്തതി ആഘോഷിക്കാം എന്ന് ഞാൻ പറയുകയുണ്ടായി. 'ഒരു ആഘോഷവും വേണ്ട, അത് ആരെയും അറിയിക്കുകയും വേണ്ട' എന്ന് പറഞ്ഞുകൊണ്ട് പിതാവ് എന്നെ വിലക്കി. നിരന്തരം നിർബ്ബന്ധിച്ചപ്പോൾ പരുമല ആശുപത്രിയിൽ കാൻസർ ചികിത്സയ്ക്കു വരുന്ന സാധുക്കളെ സഹായിക്കുവാൻ 'സ്നേഹ സ്പർശം' പദ്ധതി നടപ്പിലാക്കുവാൻ അനുവദിച്ചു. സ്വന്ത പേരിനെ ഉയർത്തിക്കാട്ടുന്ന ഒന്നും ചെയ്യാൻ പാടില്ല എന്നും വ്യക്തിപരമായ ആവശ്യങ്ങൾക്ക് മറ്റാരെയും ബുദ്ധിമുട്ടിക്കരുതെന്നും പരിശുദ്ധ തിരുമേനി ആഗ്രഹിക്കുകയും പരമാവധി അപ്രകാരം ആയിരിക്കുവാൻ ശ്രദ്ധിക്കുകയും ചെയ്തിട്ടുണ്ട്. പ. ബാവാ തിരുമേനി ചെയ്യുന്ന ദീനാനുകമ്പ പ്രവർത്തനങ്ങൾ മറ്റാരും അറിയരുത് എന്ന് അദ്ദേഹത്തിന് നിർബ്ബന്ധമായിരുന്നു. മെത്രാസന വിഷയങ്ങൾ, സഭാവിഷയങ്ങൾ തുടങ്ങി പല കാര്യങ്ങളിലും പ്രതിസന്ധികൾ നേരിടുമ്പോൾ പരിഹാരം തേടി പരിശുദ്ധ പിതാവിന്റെ അടുത്തു ചെന്നാൽ

പ. ബാവാ തിരുമേനി ചെയ്യുന്ന ദീനാനുകമ്പ പ്രവർത്തനങ്ങൾ മറ്റാരും അറിയരുത് എന്ന് അദ്ദേഹത്തിന് നിർബ്ബന്ധമായിരുന്നു. മെത്രാസന വിഷയങ്ങൾ, സഭാവിഷയങ്ങൾ തുടങ്ങി പല കാര്യങ്ങളിലും പ്രതിസന്ധികൾ നേരിടുമ്പോൾ പരിഹാരം തേടി പരിശുദ്ധ പിതാവിന്റെ അടുത്തു ചെന്നാൽ പരിഹാരത്തിനുവേണ്ടി കൊണ്ടുവന്ന ഒരു വിഷയവും പ്രശ്നമുള്ളതല്ല എന്ന തിരിച്ചറിവോടെയാണ് ഞാൻ മടങ്ങിപ്പോയിട്ടുള്ളത്.

പരിഹാരത്തിനുവേണ്ടി കൊണ്ടുവന്ന ഒരു വിഷയവും പ്രശ്നമുള്ളതല്ല എന്ന തിരിച്ചറിവോടെയാണ് ഞാൻ മടങ്ങിപ്പോയിട്ടുള്ളത്.

പരിശുദ്ധ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ സഭാഭരണ നൈപുണ്യം അക്ഷരാർത്ഥത്തിൽ മനസിലാക്കിയിട്ടുള്ള പരിശുദ്ധ പിതാവ് പല പ്രശ്നങ്ങളുടെ പരിഹാരത്തിനും അദ്ദേഹത്തെ ഉദ്ധരിക്കുന്നത് തികഞ്ഞ ഭക്തിയോടും നന്ദിയോടും കൂടിയായിരുന്നു. കാലം ചെയ്തു കഴിഞ്ഞാൽ പരിശുദ്ധ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ കബറിനോട് ചേർന്ന് തനിക്കും നിത്യവിശ്രമം വേണമെന്നത് പരിശുദ്ധ പിതാവിന് നിർബ്ബന്ധമായിരുന്നു. ലളിതമാനസനും, സഭാവിഷയങ്ങളിൽ കാർക്കശ്യക്കാരനും, തികഞ്ഞ മനുഷ്യസ്നേഹിയും, സൗഹൃദങ്ങളുടെ കാവൽക്കാരനും, നിഷ്കളങ്ക സൗന്ദര്യവും ആയ പരിശുദ്ധ പിതാവ് ഭൂമിയിൽ ജീവിച്ച കാലത്തേക്കാൾ ദേഹവിയോഗ ശേഷം സ്വർഗ്ഗീയ മഹോന്നതങ്ങളിൽ ശക്തനായിരിക്കുന്നുവെന്ന് അദ്ദേഹത്തിന്റെ കബറടക്ക ശുശ്രൂഷകളും കബറിടവും സാക്ഷിക്കുന്നു.

മരണത്തെ പുഞ്ചിരിയോടെ സ്വീകരിച്ച പിതാവാണ് പ. പൗലോസ് ദ്വിതീയൻ ബാവ. ബാല്യകാലത്തു തന്നെ ദൈവസ്നേഹിയും സഭാ സ്നേഹിയുമായി അടുക്കോടും ചിട്ടയോടും കൂടി വളർന്നു വന്ന് സഭയുടെ അമരക്കാരനായി തീർന്നു. കുന്നംകുളം ദേശത്തു നിന്ന് മലങ്കരസഭയ്ക്കു ലഭിച്ച മുത്തുകളിൽ മൂന്നാമനാണ് പരിശുദ്ധ ബാവാ തിരുമേനി.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

മടുത്തുപോകാതെ എപ്പോഴും അപേക്ഷിച്ച വിധവ



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ലൂക്കോസ് 18:1–8–ൽ യേശുക്രിസ്തു പറഞ്ഞ 'മടുത്തുപോകാതെ എപ്പോഴും അപേക്ഷിച്ച വിധവയുടെ' ഉപമ, പ്രാർത്ഥനയുടെ ശക്തിയെയും സ്ഥിരോത്സാഹത്തിന്റെ പ്രാധാന്യത്തെയും വളരെ വ്യക്തമായി വെളിപ്പെടുത്തുന്ന ഒന്നാണ്. തന്റെ ശിഷ്യന്മാർ പ്രാർത്ഥനയിൽ തളർന്നുപോകാതെ നിരന്തരം ദൈവത്തെ സമീപിക്കേണ്ടതിന്റെ ആവശ്യകത പഠിപ്പിക്കാനാണ് യേശു ഈ ഉപമ പറഞ്ഞത്. ഈ ഉപമയിലെ പ്രധാന വ്യക്തി ഒരു വിധവയാണ്. അന്നത്തെ യഹൂദ സമൂഹത്തിൽ വിധവകൾ പലപ്പോഴും സാമൂഹികമായും സാമ്പത്തികമായും പിന്നാക്കാവസ്ഥയിൽ കഴിയുന്നവരായിരുന്നു. അവർക്കുവേണ്ടി സംസാരിക്കാനോ അവകാശങ്ങൾ സംരക്ഷിക്കാനോ അധികം ആളുകൾ ഉണ്ടായിരുന്നില്ല. എന്നിരുന്നാലും ഈ വിധവ തന്റെ പ്രതിസന്ധികൾക്ക് മുമ്പിൽ കീഴടങ്ങിയില്ല.

ഉപമയിൽ പരാമർശിക്കുന്ന ന്യായാധിപൻ ദൈവത്തെ ഭയപ്പെടാത്തവനും മനുഷ്യരെ മാനിക്കാത്തവനുമായിരുന്നു. അത്തരമൊരു വ്യക്തിയുടെ മുമ്പിൽ പോലും ഈ വിധവ തന്റെ ന്യായത്തിനുവേണ്ടി വീണ്ടും വീണ്ടും അപേക്ഷിച്ചുകൊണ്ടിരുന്നു. പലതവണ അവഗണിക്കപ്പെട്ടിട്ടും അവൾ നിരാശപ്പെടുകയോ പിന്തിരിയുകയോ ചെയ്തില്ല. തന്റെ ആവശ്യം ന്യായമാണെന്നും ഒരുനാൾ അതിന് പരിഹാരം ലഭിക്കുമെന്നും അവൾ ഉറച്ചുവിശ്വസിച്ചു. ഒടുവിൽ അവളുടെ നിരന്തരമായ അപേക്ഷ കാരണം ന്യായാധിപൻ അവൾക്ക് നീതി നടപ്പാക്കിക്കൊടുത്തു.

ഈ ഉപമയിലൂടെ യേശു പഠിപ്പിക്കുന്നത്, അനീതിയുള്ള ഒരു ന്യായാധിപൻ പോലും നിരന്തരമായ അപേക്ഷ കേട്ട് പ്രതികരിക്കുന്നുവെങ്കിൽ, തന്റെ മക്കളെ സ്നേഹിക്കുന്ന ദൈവം അവരുടെ പ്രാർത്ഥനകൾ കേൾക്കാതിരിക്കുകയില്ല എന്ന സത്യമാണ്. ദൈവം തന്റെ സമയത്തും തന്റെ പദ്ധതിപ്രകാരവും വിശ്വാസികളുടെ നിലവിളിക്ക് മറുപടി നൽകും. അതിനാൽ പ്രാർത്ഥനയിൽ ക്ഷമയും വിശ്വാസവും സ്ഥിരതയും അനിവാര്യമാണെന്ന് ഈ ഉപമ നമ്മെ ഓർമ്മിപ്പിക്കുന്നു.

മടുത്തുപോകാതെ എപ്പോഴും അപേക്ഷിച്ച ഈ വിധവ വിശ്വാസത്തിന്റെയും സഹനത്തിന്റെയും പ്രത്യാശയുടെയും സ്ഥിരോത്സാഹത്തിന്റെയും ഉജ്ജ്വല മാതൃകയാണ്. പ്രതികൂല സാഹചര്യങ്ങൾക്കിടയിലും ദൈവത്തിൽ ആശ്രയിച്ച് പ്രാർത്ഥനയിൽ നിലനിൽക്കേണ്ടതെങ്ങനെയെന്ന് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ഈ വിധവയുടെ സവിശേഷതകൾ ഇന്നത്തെ ഓരോ വിശ്വാസിക്കും ആത്മീയ ജീവിതത്തിൽ വലിയ പ്രചോദനവും മാർഗ്ഗദർശനവുമാണ്.

1. മടുത്തുപോകാത്ത പ്രാർത്ഥനയും സ്ഥിരോത്സാഹവും

മടുത്തുപോകാതെ അപേക്ഷിച്ച വിധവയുടെ ജീവിതത്തിൽ ഏറ്റവും വ്യക്തമായി പ്രകടമായ സവിശേഷത അവളുടെ മടുത്തുപോകാത്ത പ്രാർത്ഥനയും അചഞ്ചലമായ സ്ഥിരോത്സാഹവുമാണ്. ലൂക്കോസ് 18:1–8 വരെ യേശുക്രിസ്തു വിവരിക്കുന്ന ഈ ഉപമയിൽ, വിധവ തന്റെ ന്യായത്തിനുവേണ്ടി ഒരു ന്യായാധിപന്റെ മുമ്പിൽ വീണ്ടും വീണ്ടും എത്തുന്നതായി കാണുന്നു. ആ ന്യായോധിപൻ ദൈവത്തെ ഭയപ്പെടാത്തവനും മനുഷ്യരെ മാനിക്കാത്തവനുമായിരുന്നു. അതിനാൽ അവളിൽ നിന്ന് വരുന്ന അപേക്ഷകൾ ശ്രദ്ധിക്കാനോ അവൾക്ക് നീതി നൽകാനോ ആദ്യം അയാൾ തയ്യാറായിരുന്നില്ല. എന്നിരുന്നാലും വിധവ തന്റെ ശ്രമങ്ങൾ അവസാനിപ്പിച്ചില്ല. പലതവണ നിരാകരിക്കപ്പെട്ടിട്ടും അവൾ



നിരാശയ്ക്ക് അടിമയായില്ല. 'ഇനി ശ്രമിച്ചിട്ട് കാര്യമില്ല' എന്ന് ചിന്തിച്ച് പിന്തിരിയാതെ, തന്റെ ആവശ്യം നിറവേറുന്നതുവരെ അവൾ സ്ഥിരതയോടെ അപേക്ഷിച്ചുകൊണ്ടിരുന്നു.

അവളുടെ ഈ മനോഭാവം സാധാരണ മനുഷ്യസ്വഭാവത്തിൽ നിന്ന് വ്യത്യസ്തമാണ്. പലപ്പോഴും ഒരു കാര്യം ലഭിക്കാതെ വരുമ്പോൾ അല്ലെങ്കിൽ തുടർച്ചയായി തടസ്സങ്ങൾ നേരിടുമ്പോൾ മനുഷ്യർ തളർന്നുപോകുകയും ശ്രമം ഉപേക്ഷിക്കുകയും ചെയ്യാറുണ്ട്. എന്നാൽ ഈ വിധവ അങ്ങനെ ചെയ്തില്ല. തന്റെ ആവശ്യം ന്യായമാണെന്നും ഒരുനാൾ അതിന് പരിഹാരം ലഭിക്കുമെന്നും അവൾ വിശ്വസിച്ചു. ആ വിശ്വാസമാണ് അവളെ വീണ്ടും വീണ്ടും ന്യായാധിപന്റെ മുമ്പിൽ എത്തിച്ചത്. ഒടുവിൽ അവളുടെ നിരന്തരമായ അപേക്ഷയും സ്ഥിരോത്സാഹവും കാരണം ന്യായാധിപൻ അവൾക്ക് നീതി നടപ്പാക്കിക്കൊടുത്തു.

ഈ ഉപമയിലൂടെ യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നത് പ്രാർത്ഥനയിൽ ഒരിക്കലും തളരരുത് എന്ന മഹത്തായ സത്യമാണ്. പലപ്പോഴും

ദൈവത്തോട് നാം സമർപ്പിക്കുന്ന പ്രാർത്ഥനകൾക്ക് ഉടനടി മറുപടി ലഭിക്കണമെന്നില്ല. ചിലപ്പോൾ ദൈവത്തിന്റെ പദ്ധതി പ്രകാരം മറുപടി വൈകിയേക്കാം. അത്തരം സമയങ്ങളിൽ വിശ്വാസം നഷ്ടപ്പെടുത്തുകയോ പ്രാർത്ഥന ഉപേക്ഷിക്കുകയോ ചെയ്യാതെ ദൈവത്തെ കൂടുതൽ ആശ്രയിക്കേണ്ടത് അനിവാര്യമാണ്. മറുപടി വൈകുന്നത് ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്നില്ല എന്നതിന്റെ തെളിവല്ല; മറിച്ച് അവിടുന്ന് തന്റെ ഉത്തമസമയത്തിൽ പ്രവർത്തിക്കുകയാണ് എന്നതിന്റെ സൂചനയാണ്.

അതുകൊണ്ട് മടുത്തുപോകാതെ അപേക്ഷിച്ച വിധവ വിശ്വാസികൾക്കുള്ള ഒരു മഹത്തായ മാതൃകയാണ്. അവളുടെ ജീവിതം പ്രാർത്ഥനയിൽ സ്ഥിരത പുലർത്താനും പ്രതിസന്ധികളിലും പരീക്ഷണങ്ങളിലും തളരാതിരിക്കാനും നമ്മെ പ്രേരിപ്പിക്കുന്നു. നിരന്തരമായ പ്രാർത്ഥന ദൈവത്തിലുള്ള ആശ്രയത്വത്തിന്റെയും ആത്മീയ പക്വതയുടെയും പ്രകടനമാണ്. ദൈവം തന്റെ മക്കളുടെ നിലവിളി കേൾക്കുന്നവനാണെന്നും തന്റെ സമയത്ത് ഉത്തരം നൽകുന്നവനാണെന്നും വിശ്വസിച്ച് പ്രാർത്ഥനയിൽ ഉറച്ചുനിൽക്കേണ്ടതിന്റെ പ്രാധാന്യം ഈ വിധവയുടെ ജീവിതം വ്യക്തമായി വെളിപ്പെടുത്തുന്നു.

2. വിശ്വാസവും പ്രത്യാശയും നിറഞ്ഞവൾ

മടുത്തുപോകാതെ അപേക്ഷിച്ച വിധവയുടെ ജീവിതത്തിൽ വ്യക്തമായി കാണുന്ന മറ്റൊരു മഹത്തായ ഗുണം അവളുടെ അചഞ്ചലമായ വിശ്വാസവും പ്രത്യാശയുമാണ്. ജീവിതത്തിൽ അനേകം പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായിരുന്നിട്ടും അവൾ വിശ്വാസം കൈവിട്ടില്ല. ലൂക്കോസ് 18:1–8 വരെയുള്ള ഉപമയിൽ പരാമർശിക്കുന്ന ന്യായാധിപൻ ദൈവത്തെ ഭയപ്പെടാത്തവനും മനുഷ്യരെ മാനിക്കാത്തവനുമായിരുന്നു. അത്തരമൊരു വ്യക്തിയിൽ നിന്ന് നീതി ലഭിക്കുക എന്നത് വളരെ പ്രയാസമുള്ള കാര്യമാണെന്ന് എല്ലാവർക്കും തോന്നിയേക്കാം. എന്നാൽ ഈ വിധവ തന്റെ സാഹചര്യങ്ങളുടെ കാഠിന്യം കണ്ട് നിരാശപ്പെട്ടില്ല. മറിച്ച് ഒരുനാൾ തന്റെ അപേക്ഷ കേൾക്കപ്പെടുമെന്നും തനിക്ക് നീതി ലഭിക്കുമെന്നും അവൾ ഉറച്ചുവിശ്വസിച്ചു.

അവളുടെ വിശ്വാസമാണ് അവളെ മുന്നോട്ട് നയിച്ച പ്രധാന ശക്തി. പലതവണ ന്യായാധിപന്റെ മുമ്പിൽ എത്തിയിട്ടും ഉടൻ മറുപടി ലഭിച്ചില്ല. അവളുടെ അപേക്ഷകൾ അവഗണിക്കപ്പെട്ടു. എന്നിരുന്നാലും അവൾ തന്റെ ലക്ഷ്യത്തിൽ നിന്ന് പിന്തിരിഞ്ഞില്ല. വിശ്വാസമില്ലായിരുന്നുവെങ്കിൽ ആദ്യത്തെ നിരാകരണത്തിനുശേഷം തന്നെ അവൾ ശ്രമം അവസാനിപ്പിക്കുമായിരുന്നു. എന്നാൽ അവൾ അങ്ങനെ ചെയ്തില്ല. കാരണം, ഒരുനാൾ നീതി ലഭിക്കുമെന്ന ഉറച്ച പ്രത്യാശ അവളുടെ ഹൃദയത്തിലുണ്ടായിരുന്നു. ആ പ്രത്യാശയാണ് വീണ്ടും വീണ്ടും ന്യായാധിപന്റെ മുമ്പിലെത്താൻ അവൾക്ക് ധൈര്യവും ശക്തിയും നൽകിയത്.

പ്രത്യാശ എന്നത് വെറും ആഗ്രഹമല്ല; പ്രതിസന്ധികൾക്കിടയിലും നല്ലൊരു ഫലത്തിനായി കാത്തിരിക്കുന്ന ആത്മവിശ്വാസമാണ്. ഈ വിധവയുടെ ജീവിതത്തിൽ അത്തരം പ്രത്യാശ വ്യക്തമായി പ്രകടമാണ്. സാഹചര്യങ്ങൾ അവൾക്ക് അനുകൂലമായിരുന്നില്ല. അവളെ സഹായിക്കാൻ ശക്തരായ ആളുകളോ സ്വാധീനമുള്ള ബന്ധങ്ങളോ ഉണ്ടായിരുന്നില്ല. എന്നിരുന്നാലും അവൾ തന്റെ പ്രതീക്ഷ നഷ്ടപ്പെടുത്തിയില്ല. കാലതാമസം ഉണ്ടായിട്ടും അവൾ ക്ഷമയോടെ കാത്തിരുന്നു. ഈ പ്രത്യാശയാണ് അവളെ നിരാശയിൽ നിന്ന് കാത്തുസൂക്ഷിക്കുകയും മുന്നോട്ട് പോകാൻ പ്രേരിപ്പിക്കുകയും ചെയ്തത്.

ഈ ഉപമയിലൂടെ യേശുക്രിസ്തു വിശ്വാസത്തിന്റെ പ്രാധാന്യം തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നു. ദൈവം നമ്മുടെ പ്രാർത്ഥനകൾ കേൾക്കുന്നവനാണെന്നും യഥാസമയത്ത് മറുപടി നൽകുന്നവനാണെന്നും വിശ്വസിക്കേണ്ടത് ഓരോ വിശ്വാസിയുടെയും കടമയാണ്. പലപ്പോഴും ദൈവത്തിന്റെ പ്രവർത്തനം നമുക്ക് ഉടൻ മനസ്സിലാകണമെന്നില്ല. ചിലപ്പോൾ മറുപടി വൈകുന്നതായി തോന്നാം. എന്നാൽ ദൈവം ഒരിക്കലും തന്റെ മക്കളെ മറക്കുന്നില്ല. അവിടുന്ന് തക്ക സമയത്തും തന്റെ പദ്ധതിപ്രകാരവും പ്രവർത്തിക്കുന്നു. ഈ സത്യം മനസ്സിലാക്കുമ്പോൾ വിശ്വാസികൾക്ക് പ്രത്യാശയോടെ കാത്തിരിക്കാൻ കഴിയും.

അതുകൊണ്ട് മടുത്തുപോകാതെ അപേക്ഷിച്ച വിധവ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ഉജ്ജ്വല മാതൃകയാണ്. പ്രതികൂല സാഹചര്യങ്ങൾക്കിടയിലും അവൾ തളർന്നില്ല; നിരാകരണങ്ങൾ നേരിട്ടപ്പോഴും അവൾ വിശ്വാസം കൈവിട്ടില്ല; മറുപടി വൈകിയപ്പോഴും അവൾ പ്രത്യാശ നഷ്ടപ്പെടുത്തിയില്ല. ദൈവത്തെ ആശ്രയിച്ച് വിശ്വാസത്തോടെയും പ്രത്യാശയോടെയും മുന്നോട്ട് പോകുന്നവർ ഒരിക്കലും നിരാശരാകുകയില്ല എന്ന മഹത്തായ ആത്മീയസത്യം അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

3. സഹനവും ധൈര്യവും പ്രകടിപ്പിച്ചവൾ

മടുത്തുപോകാതെ അപേക്ഷിച്ച വിധവയുടെ ജീവിതത്തിൽ വ്യക്തമായി കാണുന്ന മറ്റൊരു മഹത്തായ സവിശേഷത അവളുടെ സഹനവും ധൈര്യവുമാണ്. ജീവിതത്തിലെ പ്രതിസന്ധികളെയും കാലതാമസങ്ങളെയും നിരാകരണങ്ങളെയും ക്ഷമയോടെ നേരിടാൻ അവൾക്ക് കഴിഞ്ഞു. തന്റെ പ്രശ്നത്തിന് ഉടനടി പരിഹാരം ലഭിക്കാത്തപ്പോഴും അവൾ അസ്വസ്ഥയാകുകയോ നിരാശപ്പെടുകയോ ചെയ്തില്ല. പലതവണ ന്യായാധിപന്റെ മുമ്പിൽ ചെന്നിട്ടും അവളുടെ അപേക്ഷ പരിഗണിക്കപ്പെട്ടില്ല. എന്നിരുന്നാലും അവൾ കോപത്തിനോ അസഹിഷ്ണുതയ്ക്കോ വഴങ്ങാതെ സഹനത്തോടെ കാത്തിരുന്നു. തന്റെ ആവശ്യം ന്യായമാണെന്നും ഒരുനാൾ അതിന് പരിഹാരം ലഭിക്കുമെന്നും അവൾ വിശ്വസിച്ചു. ആ വിശ്വാസമാണ് കാത്തിരിപ്പിന്റെ കാലഘട്ടത്തിൽ അവൾക്ക് ക്ഷമയും ആത്മധൈര്യവും നൽകിയത്.

സഹനം എന്നത് വെറും കാത്തിരിപ്പ് മാത്രമല്ല; പ്രതിസന്ധികൾക്കിടയിലും പ്രത്യാശ കൈവിടാതെ ഉറച്ചുനിൽക്കാനുള്ള ആത്മീയ ശക്തിയാണ്. ഈ വിധവയുടെ ജീവിതത്തിൽ അത്തരം സഹനം വ്യക്തമായി പ്രകടമായിരുന്നു. കാലതാമസം ഉണ്ടായിട്ടും അവൾ തന്റെ ശ്രമങ്ങൾ ഉപേക്ഷിച്ചില്ല. ഓരോ നിരാകരണവും അവളെ പിന്നോട്ടടിച്ചില്ല; മറിച്ച് കൂടുതൽ ഉറച്ച മനസ്സോടെ മുന്നോട്ട് പോകാൻ പ്രേരിപ്പിച്ചു. അതുകൊണ്ടാണ് ഒടുവിൽ അവൾക്ക് നീതി ലഭിച്ചത്. അവളുടെ ജീവിതം വിശ്വാസജീവിതത്തിൽ സഹനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. ദൈവത്തിന്റെ പ്രവർത്തനങ്ങൾ പലപ്പോഴും മനുഷ്യന്റെ സമയക്രമത്തോട് യോജിക്കണമെന്നില്ല. എന്നാൽ ദൈവത്തിന്റെ സമയം ഏറ്റവും ഉത്തമമാണെന്ന് വിശ്വസിച്ച് കാത്തിരിക്കാൻ പഠിക്കേണ്ടതിന്റെ ആവശ്യകത ഈ വിധവ നമ്മെ ഓർമ്മിപ്പിക്കുന്നു.

സഹനത്തോടൊപ്പം ധൈര്യവും ഈ വിധവയുടെ ജീവിതത്തിലെ പ്രധാന സവിശേഷതയായിരുന്നു. അന്നത്തെ സമൂഹത്തിൽ വിധവകൾ പൊതുവേ സാമൂഹികമായും സാമ്പത്തികമായും ബലഹീനരായിരുന്നു. അവർക്കുവേണ്ടി സംസാരിക്കാനോ അവകാശങ്ങൾ സംരക്ഷിക്കാനോ അധികം ആളുകൾ ഉണ്ടായിരുന്നില്ല. പലപ്പോഴും അവർ അവഗണിക്കപ്പെടുകയും അനീതി നേരിടുകയും ചെയ്തിരുന്നു. അത്തരം സാഹചര്യത്തിൽ ജീവിച്ചിരുന്ന ഒരു വിധവയ്ക്ക് അധികാരമുള്ള ഒരു ന്യായാധിപന്റെ മുമ്പിൽ ചെന്നു തന്റെ അവകാശം ഉന്നയിക്കുക എന്നത് വലിയ ധൈര്യം ആവശ്യമായ കാര്യമായിരുന്നു. എന്നാൽ അവൾ ഭയപ്പെട്ടില്ല. തന്റെ അവസ്ഥയുടെ പരിമിതികൾ അവളെ പിന്തിരിപ്പിച്ചില്ല. സത്യവും നീതിയും തന്റെ ഭാഗത്താണെന്ന ഉറച്ച ബോധ്യത്തോടെ അവൾ മുന്നോട്ടുപോയി.

പലവട്ടം അവഗണിക്കപ്പെട്ടിട്ടും അവൾ പിന്തിരിഞ്ഞില്ല എന്നത് അവളുടെ ധൈര്യത്തിന്റെ തെളിവാണ്. സാധാരണയായി തുടർച്ചയായ നിരാകരണങ്ങൾ ഒരു വ്യക്തിയെ തളർത്തുകയും ശ്രമങ്ങളിൽ നിന്ന് പിന്തിരിപ്പിക്കുകയും ചെയ്യും. എന്നാൽ ഈ വിധവ അങ്ങനെ ചെയ്തില്ല. ഓരോ തവണയും അവൾ വീണ്ടും ന്യായാധിപന്റെ മുമ്പിലെത്തി തന്റെ അപേക്ഷ സമർപ്പിച്ചു. ഈ ധൈര്യമാണ് അവളെ വിജയത്തിലേക്ക് നയിച്ചത്. സത്യത്തിനും നീതിക്കും വേണ്ടി ഭയപ്പെടാതെ നിലകൊള്ളേണ്ടതിന്റെ മനോഹര മാതൃകയാണ് അവൾ.

ഈ ഉപമയിലൂടെ യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നത്, വിശ്വാസജീവിതത്തിൽ സഹനവും ധൈര്യവും അനിവാര്യമായ ആത്മീയഗുണങ്ങളാണെന്നാണ്. പ്രാർത്ഥനകൾക്ക് മറുപടി വൈകുമ്പോഴും ജീവിതത്തിൽ പരീക്ഷണങ്ങൾ വരുമ്പോഴും ദൈവത്തിൽ ആശ്രയിച്ച് ഉറച്ചുനിൽക്കണം. പ്രതിസന്ധികൾക്കു മുമ്പിൽ തളരാതെ, വിശ്വാസത്തോടെയും ധൈര്യത്തോടെയും മുന്നോട്ടുപോകണം. ദൈവം തന്റെ മക്കളെ കൈവിടുകയില്ല എന്ന ഉറച്ച വിശ്വാസം ഹൃദയത്തിൽ സൂക്ഷിക്കണം.

അതുകൊണ്ട് മടുത്തുപോകാതെ അപേക്ഷിച്ച വിധവ സഹനത്തിന്റെയും ധൈര്യത്തിന്റെയും ഉജ്ജ്വല മാതൃകയാണ്. കാത്തിരിപ്പിന്റെ സമയങ്ങളിൽ അവൾ ക്ഷമ കൈവിട്ടില്ല; പ്രതികൂല സാഹചര്യങ്ങളിൽ അവൾ ധൈര്യം നഷ്ടപ്പെടുത്തിയില്ല; നിരാകരണങ്ങൾ നേരിട്ടപ്പോഴും അവൾ പിന്തിരിഞ്ഞില്ല. വിശ്വാസത്തോടെയും സഹനത്തോടെയും ധൈര്യത്തോടെയും ദൈവത്തെ ആശ്രയിക്കുന്നവർ ഒടുവിൽ അനുഗ്രഹവും വിജയവും പ്രാപിക്കുമെന്ന ആത്മീയ

സത്യം അവളുടെ ജീവിതം നമ്മെ വ്യക്തമായി പഠിപ്പിക്കുന്നു.

4. നീതിയെയും പ്രാർത്ഥനയെയും ഉയർത്തിപ്പിടിച്ചവൾ

മടുത്തുപോകാതെ അപേക്ഷിച്ച വിധവയുടെ ജീവിതത്തിൽ ഏറ്റവും ശ്രദ്ധേയമായി കാണപ്പെടുന്ന മറ്റൊരു സവിശേഷത, അവൾ നീതിയെയും പ്രാർത്ഥനയെയും ഉയർത്തിപ്പിടിച്ച വ്യക്തിയായിരുന്നു എന്നതാണ്. അവളുടെ അപേക്ഷയിൽ വ്യക്തിപരമായ ലാഭമോ അധികാരമോ പ്രതികാരമോ ഉണ്ടായിരുന്നില്ല. തന്റെ എതിരാളിയിൽ നിന്ന് നീതി ലഭിക്കണമെന്ന ന്യായമായ ആഗ്രഹമാണ് അവളെ വീണ്ടും വീണ്ടും ന്യായാധിപന്റെ മുമ്പിലെത്തിച്ചത്. അവൾ സ്വാർത്ഥ ലക്ഷ്യങ്ങൾക്കുവേണ്ടി പോരാടിയില്ല; മറിച്ച് സത്യത്തിനും ന്യായത്തിനും വേണ്ടി നിലകൊണ്ടു. അനീതി സഹിച്ച് നിശബ്ദയായി ജീവിക്കുന്നതിനുപകരം, തനിക്ക് അർഹമായ നീതി ലഭിക്കുന്നതുവരെ അവൾ തന്റെ അപേക്ഷ തുടർന്നു. ഈ നിലപാട് അവളുടെ നീതിബോധത്തിന്റെയും സത്യനിഷ്ഠയുടെയും തെളിവാണ്.

ബൈബിൾ ദൈവത്തെ നീതിയുടെ ദൈവമായി അവതരിപ്പിക്കുന്നു. അവിടുന്ന് സത്യത്തെയും ന്യായത്തെയും സ്നേഹിക്കുന്നവനാണ്. അതുകൊണ്ട് നീതിക്കുവേണ്ടി നിലകൊള്ളുകയും അനീതിക്കെതിരെ ശബ്ദമുയർത്തുകയും ചെയ്യുന്നത് വിശ്വാസജീവിതത്തിന്റെ പ്രധാന ഘടകമാണ്. ഈ വിധവയുടെ ജീവിതം അതിന് ഉത്തമ ഉദാഹരണമാണ്. സമൂഹത്തിൽ വലിയ സ്ഥാനമോ സ്വാധീനമോ ഇല്ലാതിരുന്നിട്ടും അവൾ അനീതി അംഗീകരിച്ചില്ല. തന്റെ അവകാശത്തിനുവേണ്ടി ഉറച്ചുനിന്നു. സത്യവും നീതിയും ഒടുവിൽ വിജയിക്കുമെന്ന ഉറച്ച ബോധ്യം അവളുടെ ജീവിതത്തിൽ പ്രകടമായിരുന്നു. വിശ്വാസികൾ സത്യത്തിന്റെ പക്ഷത്ത് ഉറച്ചുനിൽക്കുകയും നീതിയെ പിന്തുടരുകയും വേണമെന്ന ആത്മീയപാഠം അവളുടെ ജീവിതം നൽകുന്നു.

അതോടൊപ്പം, പ്രാർത്ഥനയുടെ പ്രാധാന്യം വെളിപ്പെടുത്തുന്ന ഏറ്റവും ശക്തമായ ഉപമകളിലൊന്നാണ് ഇത്. യേശുക്രിസ്തു ഈ ഉപമ പറഞ്ഞതിന്റെ പ്രധാന ലക്ഷ്യം തന്നെ, "എപ്പോഴും പ്രാർത്ഥിക്കണമെന്നും മടുത്തുപോകരുതെന്നും" തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുക എന്നതായിരുന്നു. വിധവയുടെ നിരന്തരമായ അപേക്ഷ, വിശ്വാസിയുടെ നിരന്തരമായ പ്രാർത്ഥനയുടെ പ്രതീകമാണ്. അവൾ ന്യായാധിപന്റെ മുമ്പിൽ വീണ്ടും വീണ്ടും എത്തിയതുപോലെ, വിശ്വാസികളും ദൈവസന്നിധിയിൽ വീണ്ടും വീണ്ടും പ്രാർത്ഥനയുമായി എത്തേണ്ടവരാണ്. ദൈവം തന്റെ മക്കളുടെ പ്രാർത്ഥനകൾ കേൾക്കുകയും അവരുടെ ആവശ്യങ്ങൾ അറിയുകയും തന്റെ ഉത്തമസമയത്ത് മറുപടി നൽകുകയും ചെയ്യുന്നു.

പ്രാർത്ഥന എന്നത് ആവശ്യങ്ങൾ അറിയിക്കുന്ന ഒരു മാർഗം മാത്രമല്ല; ദൈവത്തിലുള്ള ആശ്രയത്വത്തിന്റെയും വിശ്വാസത്തിന്റെയും പ്രകടനമാണ്. പ്രാർത്ഥനയിലൂടെ മനുഷ്യൻ തന്റെ ബലഹീനതകൾ ദൈവസന്നിധിയിൽ സമർപ്പിക്കുകയും അവിടുത്തെ സഹായം തേടുകയും ചെയ്യുന്നു. ഈ വിധവ തന്റെ ന്യായത്തിനുവേണ്ടി ന്യായാധിപനെ നിരന്തരം സമീപിച്ചതുപോലെ, വിശ്വാസിയും തന്റെ ആവശ്യങ്ങളുമായി ദൈവത്തെ നിരന്തരം സമീപിക്കണം. മറുപടി വൈകുമ്പോൾ പോലും പ്രാർത്ഥന ഉപേക്ഷിക്കാതെ ദൈവത്തിൽ ആശ്രയിച്ച് മുന്നോട്ട് പോകേണ്ടതിന്റെ ആവശ്യകത ഈ ഉപമ ശക്തമായി ഓർമ്മിപ്പിക്കുന്നു.

ഈ വിധവയുടെ ജീവിതം പ്രാർത്ഥനയിൽ സ്ഥിരത, വിശ്വാസം, ക്ഷമ, പ്രത്യാശ എന്നിവയുടെ മഹത്വം വെളിപ്പെടുത്തുന്നതാണ്. ദൈവസന്നിധിയിൽ തളരാതെ നിലകൊള്ളുകയും അവിടുത്തെ പദ്ധതിയിൽ വിശ്വസിക്കുകയും ചെയ്യുന്നവരെ ദൈവം ഒരിക്കലും കൈവിടുകയില്ല എന്ന ആത്മീയസത്യം അവളുടെ ജീവിതം വ്യക്തമാക്കുന്നു. അതുകൊണ്ട് അവൾ നീതിയെ ആഗ്രഹിച്ച വ്യക്തി മാത്രമല്ല, പ്രാർത്ഥനയിൽ സ്ഥിരത പുലർത്തുന്ന വിശ്വാസിയുടെ ഉത്തമ മാതൃക കൂടിയാണ്.

ഇന്നത്തെ ലോകത്തിൽ വിവിധ പരീക്ഷണങ്ങളും പ്രതിസന്ധികളും അനീതികളും നേരിടുന്ന വിശ്വാസികൾക്ക് ഈ വിധവയുടെ മാതൃക വലിയ പ്രചോദനമാണ്. പ്രാർത്ഥനയിൽ മടുത്തുപോകാതെ നിലനിൽക്കാനും ദൈവത്തിന്റെ നീതിയിലും സമയത്തിലും വിശ്വസിക്കാനും അവളുടെ ജീവിതം നമ്മെ പ്രേരിപ്പിക്കുന്നു. അതിനാൽ മടുത്തുപോകാതെ അപേക്ഷിച്ച ഈ വിധവ, എല്ലാ കാലഘട്ടങ്ങളിലുമുള്ള വിശ്വാസികൾക്ക് നീതിയുടെയും പ്രാർത്ഥനയുടെയും സ്ഥിരോത്സാഹത്തിന്റെയും മഹത്തായ മാതൃകയായി എന്നും നിലനിൽക്കുന്നു.

മടുത്തുപോകാതെ എപ്പോഴും അപേക്ഷിച്ച വിധവയുടെ ജീവിതം വിശ്വാസജീവിതത്തിന് അത്യന്തം വിലപ്പെട്ട ഒരു പാഠമാണ്. സാമൂഹികമായി ബലഹീനയും സഹായിക്കാൻ ആരുമില്ലാത്തവളുമായിരുന്നിട്ടും അവൾ തന്റെ അവസ്ഥയെക്കുറിച്ച് നിരാശപ്പെട്ടില്ല. അനീതിയുള്ള ന്യായാധിപന്റെ മുമ്പിൽ പോലും അവൾ തന്റെ ന്യായത്തിനുവേണ്ടി ധൈര്യത്തോടെയും സ്ഥിരതയോടെയും നിലകൊണ്ടു. പലതവണ അവഗണിക്കപ്പെട്ടിട്ടും അവൾ പ്രത്യാശ കൈവിട്ടില്ല. മറിച്ച്, കൂടുതൽ ഉറച്ച മനസ്സോടെ തന്റെ അപേക്ഷ തുടർന്നു. അവളുടെ ഈ സ്ഥിരോത്സാഹവും സഹനവും വിശ്വാസവും ഒടുവിൽ അവൾക്ക് നീതി ലഭിക്കുന്നതിന് കാരണമായി.

ഈ ഉപമയിലൂടെ യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നത്, പ്രാർത്ഥനയിൽ ഒരിക്കലും തളരരുത് എന്ന സത്യമാണ്. പലപ്പോഴും ദൈവത്തിന്റെ മറുപടി വൈകുന്നതായി നമുക്ക് തോന്നാം. ജീവിതത്തിൽ പ്രശ്നങ്ങളും പരീക്ഷണങ്ങളും പ്രതിസന്ധികളും തുടർച്ചയായി വന്നേക്കാം. അത്തരം സാഹചര്യങ്ങളിൽ നിരാശപ്പെടുകയോ വിശ്വാസം നഷ്ടപ്പെടുത്തുകയോ ചെയ്യാതെ ദൈവത്തിൽ ആശ്രയിച്ച് മുന്നോട്ട് പോകേണ്ടത് അത്യാവശ്യമാണ്. ദൈവം തന്റെ മക്കളുടെ പ്രാർത്ഥനകൾ കേൾക്കുന്നവനും അവരുടെ ആവശ്യങ്ങൾ അറിയുന്നവനും തന്റെ സമയത്ത് ഏറ്റവും ഉചിതമായ മറുപടി നൽകുന്നവനുമാണ്. അതുകൊണ്ട് പ്രാർത്ഥനയിൽ സ്ഥിരതയും ക്ഷമയും വിശ്വാസവും പുലർത്തേണ്ടത് ഓരോ വിശ്വാസിയുടെയും കടമയാണ്.

മടുത്തുപോകാതെ അപേക്ഷിച്ച വിധവ വിശ്വാസത്തിന്റെയും സഹനത്തിന്റെയും പ്രത്യാശയുടെയും ധൈര്യത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും ഉജ്ജ്വല മാതൃകയാണ്. പ്രതികൂല സാഹചര്യങ്ങൾക്കിടയിലും അവൾ തളർന്നില്ല; നിരാകരണങ്ങൾ നേരിട്ടപ്പോഴും അവൾ പിന്തിരിഞ്ഞില്ല; മറുപടി വൈകിയപ്പോഴും അവൾ പ്രത്യാശ കൈവിട്ടില്ല. ദൈവത്തെ ആശ്രയിച്ച് പ്രാർത്ഥനയിൽ ഉറച്ചുനിൽക്കുന്നവർ ഒരിക്കലും നിരാശരാകുകയില്ല എന്ന സത്യം അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഇന്നത്തെ ലോകത്തിൽ നിരവധി വെല്ലുവിളികളും പ്രയാസങ്ങളും നേരിടുന്ന വിശ്വാസികൾക്ക് ഈ വിധവയുടെ മാതൃക വലിയ പ്രചോദനമാണ്. പ്രാർത്ഥനയിൽ സ്ഥിരത പുലർത്താനും ദൈവത്തിന്റെ സമയത്തിൽ വിശ്വസിക്കാനും പ്രത്യാശയോടെ കാത്തിരിക്കാനും അവളുടെ ജീവിതം നമ്മെ പ്രേരിപ്പിക്കുന്നു. അതിനാൽ മടുത്തുപോകാതെ എപ്പോഴും അപേക്ഷിച്ച ഈ വിധവ, എല്ലാ കാലഘട്ടങ്ങളിലുമുള്ള വിശ്വാസികൾക്ക് പ്രാർത്ഥനയുടെയും വിശ്വാസത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും മഹത്തായ മാതൃകയായി എന്നും നിലനിൽക്കുന്നു.

❑



അഖില മലങ്കര പ്രാർത്ഥനായോഗം കോട്ടയം ഭദ്രാസന കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ കോട്ടയം പുത്തനങ്ങാടി സെന്റ് മേരീസ് സെൻട്രൽ സ്കൂളിൽ മലയാള മനോരമ വായനക്കളരി പദ്ധതിക്ക് തുടക്കം കുറിച്ചു. പദ്ധതിയുടെ ഉദ്ഘാടനം സ്കൂൾ പ്രിൻസിപ്പൽ ബിന്ദു റെജിക്ക് മലയാള മനോരമ ദിനപത്രം കൈമാറി ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് നിർവ്വഹിച്ചു. സ്ക്കൂൾ മാനേജർ ഫാ. തോമസ് ജോർജ് അദ്ധ്യക്ഷത വഹിച്ചു. പ്രാർത്ഥനയോഗം ഭദ്രാസന സെക്രട്ടറി ഏബ്രഹാം ജോർജ്, മനോരമ സീനിയർ എക്സിക്യൂട്ടീവ് പ്രജിത് പീ ജോസഫ്, സ്കൂൾ അഡ്മിനിസ്ട്രേറ്റർ സി. പി. രാരിച്ചൻ എന്നിവർ സംസാരിച്ചു. പ്രാർത്ഥനയോഗം വാഴൂർ ഗ്രൂപ്പ് കോർഡിനേറ്റർ അമൽജി പോൾ, പുതുപ്പള്ളി ഗ്രൂപ്പ് കോർഡിനേറ്റർ റോണി കുരുവിള എന്നിവർ നേതൃത്വം നൽകി.

വചനതീർത്ഥം

പെന്തിക്കോസ്തിക്ക് ശേഷം ഏഴാം ഞായർ

(വി. മർക്കോസ് 3:20-30)



ഫാ. പ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

യേശുക്രിസ്തുവിനെ അംഗീകരിക്കുകയും തിരസ്കരിക്കുകയും ചെയ്തിരുന്ന സമൂഹങ്ങൾ കർത്താന്റെ ശുശ്രൂഷ വേളയിൽ ഉടനീളം ഉണ്ടായിരുന്നു. തൻറെ ദൗത്യത്തെ തിരസ്കരിച്ചവർ അംഗീകരിച്ചവരേക്കാൾ പ്രബലരായിരുന്നു എന്നതാകാം കർത്താവിന്റെ മരണത്തിലേക്ക് പോലും നയിച്ചത്. വലിയ പുരുഷാരം കർത്താവിനൊപ്പം വന്നു കൂടുമ്പോഴും യേശുവിന്റെ കുടുബാംഗങ്ങൾക്കിടയിൽ തന്നെയുള്ള അഭിപ്രായവ്യത്യാസം മുതലെടുത്ത് യേശുവിനെതിരെ അതീവഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ജനക്കൂട്ടത്തെ യേശുവിനെതിരെ തിരിക്കാനുള്ള മതനേതൃത്വത്തിന്റെ ശ്രമം ആണ് ഈ വേദഭാഗത്ത് നാം കാണുന്നത്. എന്നാൽ അത്തരം ശ്രമങ്ങളെ കർത്താവ് നേരിടുന്നത് തീർത്തും കാലിക പ്രസക്തിയുള്ള നിർദേശങ്ങൾ കൊണ്ടാണ്.

അന്ധതയിലേക്ക് നയിക്കുന്ന മുൻവിധികൾ

ഭക്ഷണം കഴിക്കുവാൻ പോലും സാധിക്കാത്ത തരത്തിൽ ജനക്കൂട്ടം കർത്താവിന്റെ അടുക്കലേക്ക് എത്തി എന്ന് സുവിശേഷം രേഖപ്പെടുത്തുമ്പോൾ അക്കാലത്ത് കർത്താവിന് ഉണ്ടായിരുന്ന അംഗീകരണത്തിന്റെ വലിയ സൂചനയാണത്. എന്നാൽ രണ്ടു കൂട്ടം ആളുകൾ ആ സ്ഥലത്തേക്ക് എത്തിച്ചേരുന്നു എന്നാണ് പറയുന്നത്. കർത്താവിന്റെ ചർച്ചക്കാർ തീർച്ചയായും നസ്രേത്തിൽ നിന്നും വന്നവരാകാം. തങ്ങൾക്ക് വളരെയധികം അറിയാവുന്ന, തങ്ങളുടെ കുടുംബത്തിൽപ്പെട്ടവൻ ആയ ഇവൻ മശിഹാ ആകില്ല എന്ന മുൻവിധിയോടെ ആകാം അവർ കടന്നുവരുന്നത്. അത്തരം മുൻവിധിയോടെ വന്നവർ ഈ ജനക്കൂട്ടത്തെ കണ്ടപ്പോൾ ഇവന് ബുദ്ധിഭ്രമം പിടിച്ചിരിക്കുന്നു എന്ന് തീരുമാനത്തിലേക്ക് എത്തുകയാണ്.

രണ്ടാമത്തെ വിഭാഗം യരുശലേമിൽ നിന്നും ഇറങ്ങി വന്നവരാണ്. ആത്മിക കാര്യങ്ങളിലെ അവസാന വാക്കുകാരായ വേദപണ്ഡിതന്മാരും മുൻവിധിയോടെയാണ് കർത്താവിനെ നോക്കി കാണുന്നത്. യേശുവിനെക്കുറിച്ചുള്ള ആ മുൻവിധിയാണ് ഭൂതങ്ങളുടെ തലവനെ കൊണ്ടാണ് ഇവൻ ഭൂതങ്ങളെ പുറത്താക്കുന്നത് എന്ന തീരുമാനത്തിലേക്ക് അവരെ എത്തിക്കുന്നത്. വാസ്തവത്തിൽ അവരുടെ മുൻവിധികൾ സത്യം കാണാതെ വണ്ണം അവരുടെ കണ്ണുകളെ മറയ്ക്കുകയാണ്. മുൻവിധികളാൽ അന്ധരാക്കപ്പെടുന്ന ഒരു സമൂഹത്തെയാണ് ഈ വേദഭാഗത്ത് നാം ദർശിക്കുന്നത്.

ഈ രണ്ട് കൂട്ടരേയും പോലെ സത്യത്തെ അതിന്റെ മുഖത്തുനോക്കി മിഥ്യ എന്ന് വിളിക്കുന്ന ഒരു സമൂഹമാണ് നമുക്ക് ചുറ്റുമുള്ളത്. നമ്മിൽ പലരും പല കാര്യങ്ങളെയും മുൻവിധിയോടെ നോക്കി കാണുന്നവരാണ്. സത്യം മനസ്സിലാക്കുന്നതിന് മുൻപ് പലതും ഇപ്രകാരം ആകാം എന്ന് നാം തീരുമാനിക്കുകയാണ്. പല സമൂഹങ്ങളുടെയും തകർച്ചയ്ക്ക് കാരണം ഇത്തരം മുൻവിധികളാണ്. ഒരുവൻ ഏറ്റവും അധികം അംഗീകരിക്കപ്പെടേണ്ട സ്വന്തം ഭവനത്തിനുള്ളിൽ പോലും മുൻവിധിയോടുള്ള മുദ്രകുത്തലുകൾ (prejudiced labeling) നടക്കുന്നുണ്ട്. തെറ്റായ മുൻവിധികൾക്ക് ഏറെ ദോഷവശങ്ങൾ ഉണ്ട് - നല്ല കേൾവിക്കാർ ആകുന്നതിൽ നിന്ന് അത് നമ്മെ തടയും, മറ്റൊരാളുടെ സാഹചര്യങ്ങളെ മനസ്സിലാക്കുന്നതിൽ നിന്ന് അത് നമ്മെ വിമുഖരാക്കും, തെളിച്ചമുള്ള തീരുമാനങ്ങളിലേക്ക് എത്തിച്ചേരുവാൻ അത് ബുദ്ധിമുട്ടുണ്ടാകും. ഒരു വസ്തുതയെ അതിന്റേതായ രീതിയിൽ അപഗ്രഥിക്കുമ്പോൾ അത് സത്യത്തിന് സാക്ഷിയാവുക എന്ന അനുഭവമാണ് പകരുന്നത്.

ആത്മാഭിമാനം നഷ്ടപ്പെടുത്തുന്ന അന്തഃചിദ്രം

തന്നെ അപഹസിക്കുന്നവരെ എതിർക്കുവാൻ കർത്താവ് ചൂണ്ടിക്കാട്ടുന്ന ഉപമ ഉള്ളിൽ ചിദ്രതയുള്ള സംവിധാനങ്ങളെ ചൊല്ലിയുള്ളതാണ്. സാത്താന്റെ



രാജ്യത്തെ ഉദാഹരിച്ചാണ് കർത്താവ് പറയുന്നതെങ്കിലും താൻ മുൻപോട്ടുവെക്കുന്ന ആശയത്തിന് ഏറെ സാധ്യതകൾ ഉണ്ട്. ഒരു വ്യക്തിക്കോ കുടുംബത്തിനോ സമൂഹത്തിനോ അഭിമാനത്തോടെ നിലനിൽക്കുവാൻ കഴിയുന്നത് അതിന്റെ ഉയർച്ചകളിലാണ്. എന്നാൽ തകർക്കപ്പെടലുകൾ സംഭവിക്കുമ്പോൾ അതിന്റെ ആത്മാഭിമാനം നഷ്ടമാകും. ഉള്ളിലെ അനൈക്യവും പരസ്പരം ഉള്ള പോരുകളുമാണ് ഈ തകർച്ചയ്ക്കും അതുവഴി ആത്മാഭിമാനം നഷ്ടമാകുന്നതിനും കാരണം.

ഒരുവന് അവനോട് തന്നെയുള്ള വിശ്വാസം നഷ്ടപ്പെടുമ്പോഴാണ് ജീവിതം അവസാനിപ്പിച്ചേക്കാം എന്ന് തോന്നൽ അവന് ഉണ്ടാവുന്നത്. ഏതെങ്കിലും ഒക്കെ കാരണങ്ങൾ കൊണ്ട് ഒരു കുടുംബത്തിൻറെ ഉള്ളിൽ പോരു പെരുകുമ്പോൾ കുടുംബാന്തരീക്ഷം ശിഥിലമാകും. ഒരു നേതാവിന് തന്റെ അണികളോടും അവർക്ക് തിരിച്ചുമുള്ള വിശ്വാസം നഷ്ടമാകുമ്പോഴാണ് രാജ്യത്ത് അസംതൃപ്തി ഉണ്ടാവുന്നത്. ഏതൊന്ന് അതിനോട് തന്നെ എതിർക്കുന്നുവോ അത് നശിച്ചു പോകും. ഇവിടെയെല്ലാം ആവശ്യമായിരിക്കുന്നത് ആന്തരിക ഐക്യം എന്ന ഘടകമാണ്.


ശരീരത്തിലെ ഒരു കോശം അതിനോട് തന്നെ പോരാടുന്നതിനെയാണ് നാം അർബുദം എന്ന് വിളിക്കുന്നത്. ആധുനിക സമൂഹത്തിന് ഇത്തരത്തിലുള്ള അർബുദം ബാധിച്ചിരിക്കുന്നു എന്ന് കാലം നമ്മെ ഓർപ്പിക്കുന്നുണ്ട്. ആന്തരിക ഐക്യം എന്ന വാക്ക് ഇന്ന് തീർത്തും പ്രസക്തമാണ്.

ആദിമ സഭയെക്കുറിച്ച് രേഖപ്പെടുത്തുമ്പോൾ വിശ്വസിച്ചിരുന്നവരുടെ കൂട്ടത്തിന് ഏക മനസ്സും ഏക അഭിപ്രായവുമായിരുന്നു എന്ന് പറയുന്നുണ്ട് ഏക മനസ്സും ഏക അഭിപ്രായവും ഉള്ള ഇടങ്ങൾ മാത്രമേ വളർച്ചയുടെ അനുഭവത്തിലേക്ക് എത്തുകയുള്ളൂ. ആദിമസഭ ഏറെ പ്രതിസന്ധികളിലൂടെയാണ് കടന്നുപോയിരുന്നത് എങ്കിലും അവരുടെ ഉള്ളിൽ ഉണ്ടായിരുന്ന ഏകതാബോധവും ക്രിസ്തീയമായ ഐക്യവും ആത്മാഭിമാനമുള്ള ഒരു സമൂഹമായി അവരെ പരുവപ്പെടുത്തിയിരുന്നു.

പരിശുദ്ധാത്മാവിന് എതിരായുള്ള പാപം

പരിശുദ്ധാത്മാവിന് എതിരായുള്ള പാപം ക്ഷമിക്കപ്പെടില്ല എന്ന് ഈ വേദഭാഗം അടിവരയിടുന്നു. ഏതു പാപവും ക്ഷമിക്കപ്പെടുന്നതിന് പശ്ചാത്താപവും അനുതാപവും ആവശ്യമാണ്. അനുതപിച്ച് ദൈവകൃപയും കാരുണ്യവും സ്വീകരിക്കുന്നതിന് കൃപ നൽകുന്നത് പരിശുദ്ധാത്മാവാണ് വാസ്തവത്തിൽ ഈ കൃപ നിരസിക്കുന്നതാണ് പരിശുദ്ധാത്മാവിനെ എതിരായുള്ള പാപം. പശ്ചാത്തപിക്കാത്ത ആളുടെ പാപങ്ങൾ നിത്യപാപങ്ങളായി അവശേഷിക്കുന്നു. പാപം ക്ഷമിക്കപ്പെടില്ല എന്ന ഓർമ്മപ്പെടുത്തലിനേക്കാളും പാപങ്ങൾ ക്ഷമിക്കുവാനായി പരിശുദ്ധാത്മ നിറവുള്ള ജീവിതം ഉണ്ടാവണം എന്നാണ് കർത്താവ് ഓർപ്പിക്കുന്നത്. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



No one can say Jesus is Lord except by the Holy Spirit

Seventh Sunday after Pentecost (St. Mark 3:20-30)

Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

During the early days of Lord Jesus's public ministry, a large crowd followed Him from Galilee, Judea, and Jerusalem. "A great multitude from Judea, Jerusalem, Edom, beyond the Jordan, and the surroundings of Tyre and Sidon, hearing all that He was doing, came to Him. Such a massive crowd gathered around Him that they could not even eat." Hearing this, Lord Jesus's family members came to seize Him, saying that He had lost His mind. The Jewish scribes who came down from Jerusalem said that He was possessed by Beelzebul, and that it was by the ruler of the demons that He was performing all these miracles. Beelzebul was the name of an idol worshipped by the Philistines (2 Kings 1:2). The Jews used this name to refer to the devil. The Jews accused Lord Jesus of performing miracles by the power of the ruler of the demons.

Confronting Jesus with Prejudice

This scripture passage (St. Mark 3:20-30) describes an incident that occurred at the beginning of our Lord's public ministry concerning those who approach Christ with prejudice. Through many miracles, He has powerfully begun to reveal that He is the Son of God. With the intense desire that 'He must increase, but I must decrease,' John the Baptist leads everyone toward Him. Attracted by His glorious life and venerable teachings, many embrace His discipleship. With all eyes fixed upon Him, the question 'Who is this?' keeps arising frequently from all sides. It has become widely recognized that He is commissioned by God.

In this context, some people are unable to even comprehend this wave of public opinion. The news concerning Jesus Christ becomes harsh to the ears of His relatives, and exceedingly difficult to bear for the prominent figures and leaders of the community. For the first group (His relatives), someone from their own family rising to be better than them is distressing; for the second group (the leaders), someone appearing greater than them is equally grievous. Therefore, blinded by jealousy, one faction proclaims that He has lost His mind, while the others declare, "No, He is a servant of the devil." Thus, by viewing Jesus through the lens of prejudice, both groups are unable to believe in Him despite witnessing His glorious deeds.

Those who failed to recognise the God-revealed-truths

It is a terrible sin for those who fail to recognize the truth revealed by God to reject the truths He reveals and follow their own opinions and desires. The Holy Spirit cannot work in those who are not prepared to follow God's guidance with a good conscience and sincerity of heart. Rejecting a matter with the complete conviction that it is God's will and



belongs to God is equivalent to driving away the Holy Spirit. This truth is clearly exemplified in the life of our Lord. The reward for Jesus acting with the truth at the forefront was reproach and persecution. Nevertheless, He did not turn back. This passage reveals that each of us, as His disciples, must possess this mindset, and if we cross that boundary, we will be cut off from God's grace. Therefore, we must accept what God commands us through the Holy Spirit with purity of heart and without prejudice; we must obey them no matter what hardships or losses may come, and we must always remain vigilant so as not to fall outside the bounds of God's grace. It is then, as a result of the work of the Holy Spirit, that these truths are revealed to us.

"Therefore, no one can say that Jesus is Lord except by the Holy Spirit" (1 Cor. 12:3). It is this Holy Spirit who guides us into all truth. Concealing the truth after knowing it, and acting against the truth, is also a sin against the Holy Spirit. "Every sin and blasphemy will be forgiven men, but the blasphemy against the Spirit will not be forgiven" (St. Matthew 12:31). Therefore, let us not forget the responsibility of helping others understand the truth that we have comprehended.

❑

ഓടുന്ന ലോകം, നടക്കുന്ന ദൈവം

ഫാ. അജീഷ് ബാബു

ചില കഥകൾ വായിച്ചുകഴിഞ്ഞാൽ അവയെക്കുറിച്ച് എഴുതാൻ കഴിയില്ല; അവ നമ്മുടെ ഉള്ളിൽ ഒരു യാത്രയായി തുടരുന്നു. ബിനോയ് പി. ജെ. യുടെ 'വൈകിയോടുന്ന വണ്ടി' അത്തരമൊരു കഥയാണ്. ഇത് ഒരു തീവണ്ടിയുടെ വൈകലിനെക്കുറിച്ചല്ല; മനുഷ്യന്റെ ജീവിതയാത്രയിൽ സംഭവിച്ചുപോയ തിരിച്ചറിവുകളുടെ വൈകലിനെക്കുറിച്ചാണ്. കഥയുടെ ആദ്യവരികൾ തന്നെ അതിന്റെ ആത്മാവിനെ തുറന്നുകാട്ടുന്നു: 'അനേക വർഷങ്ങൾ വൈകിയോടിക്കൊണ്ടിരിക്കുന്ന ഒരു വണ്ടി അപ്പോഴാണ് പ്ലാറ്റ്ഫോമിലേക്ക് കടന്നുവന്നത്...' ആ വണ്ടി ഒരു റെയിൽവണ്ടി മാത്രമല്ല; അത് കാലത്തിലൂടെ സഞ്ചരിക്കുന്ന മനുഷ്യസമൂഹമാണ്.

ലൂക്കാ 24:1335-ലെ യെരൂശലേമിൽ നിന്ന് എമ്മാവൂസിലേക്ക് നടന്നുപോകുന്ന രണ്ട് ശിഷ്യന്മാർ. അവർ നടക്കുന്നത് ഒരു ഗ്രാമത്തിലേക്കല്ല; തകർന്ന പ്രതീക്ഷകളിൽ നിന്ന് ഒളിച്ചോടുകയാണ്. അവരുടെ സ്വപ്നങ്ങൾ കുരിശിൽ അവസാനിച്ചുവെന്ന് അവർ കരുതുന്നു. ആ യാത്രയിൽ യേശു അവരുടെ കൂടെ നടക്കുന്നു. എന്നാൽ അവർ അവനെ തിരിച്ചറിയുന്നില്ല. കാരണം ചിലപ്പോൾ ദുഃഖം നമ്മുടെ കണ്ണുകളെ മാത്രം അല്ല, ഹൃദയത്തെയും മറച്ചുകളയും.

'വൈകിയോടുന്ന വണ്ടി'യിലെ യാത്രക്കാരും അങ്ങനെ തന്നെയാണ്. അവർ ഓരോരുത്തരും എവിടെയോ എത്താൻ ശ്രമിക്കുന്നവരാണ്. പക്ഷേ കഥാകൃത്ത് ലക്ഷ്യസ്ഥാനത്തെയല്ല നോക്കുന്നത്; യാത്രയിൽ മനുഷ്യർ വഹിക്കുന്ന നിശ്ശബ്ദ ഭാരങ്ങളെയാണ് കാണുന്നത്. അവരുടെ മുറിവുകളും കാത്തിരിപ്പുകളും പരാജയങ്ങളും അപമാനങ്ങളും ചേർന്നാണ് ആ വണ്ടി മുന്നോട്ട് പോകുന്നത്. എമ്മാവൂസിലേക്കുള്ള വഴിയിൽ നിരാശയുമായി നടന്ന ശിഷ്യന്മാരെപ്പോലെ, ഈ വണ്ടിയിലും ജീവിതത്തിന്റെ അർത്ഥം നഷ്ടപ്പെട്ട അനേകം മനുഷ്യർ യാത്ര ചെയ്യുന്നുണ്ട്.

കഥയിൽ പറയുന്ന ഒരു വാചകം ഏറെ ഹൃദയത്തിൽ തങ്ങിനിൽക്കുന്നു: 'വന്നും പോയുമിരിക്കുന്ന വണ്ടികളുടെ പട്ടികയിൽ അതിന്റെ പേരോ സമയമോ അടയാളപ്പെടുത്തപ്പെട്ടിരുന്നില്ല.' എത്ര വലിയ ഒരു സാമൂഹിക പ്രതീകമാണത്! ചരിത്രത്തിനും സമൂഹത്തിനും സ്വന്തം സമയപ്പട്ടികകളുണ്ട്. അതിൽ വിജയികളുടെ പേരുകളുണ്ട്; വേഗത്തിൽ മുന്നേറിയവരുടെ കഥകളുണ്ട്. എന്നാൽ വൈകിയെത്തിയവരുടെയും പിന്നിലായവരുടെയും ജീവിതം പലപ്പോഴും രേഖപ്പെടുത്തപ്പെടാറില്ല..എമ്മാവൂസിലേക്കുള്ള വഴിയിലും അങ്ങനെ തന്നെയായിരുന്നു. ലോകത്തിന്റെ കണ്ണിൽ രണ്ട് പരാജിതരായ ശിഷ്യന്മാർ മാത്രം. എന്നാൽ യേശു യെരൂശലേമിലെ വിജയികളുടെ നടുവിലേക്ക് പോയില്ല; ചരിത്രത്തിന്റെ ഔദ്യോഗിക വഴികൾ വിട്ട്, നിരാശയുടെ വഴിയിലൂടെ നടന്ന രണ്ട് മനുഷ്യരുടെ കൂടെയാണ് അവൻ നടന്നത്. സുവിശേഷം അവിടെ ഒരു വലിയ സത്യം വെളിപ്പെടുത്തുന്നു: ദൈവം ഏറ്റവും അധികം പ്രത്യക്ഷപ്പെടുന്നത് മനുഷ്യർ വിജയിക്കുന്നു എന്ന് കരുതുന്ന സ്ഥലങ്ങളിലല്ല; അവർ തകർന്നുപോകുന്ന വഴികളിലാണ്.

ബിനോയ് പി. ജെയുടെ കഥയും ഇതേ സുവിശേഷം മറ്റൊരു പ്രതീകത്തിലൂടെ പറയുന്നു. ഇവിടെ വണ്ടി വൈകുന്നു. ഓരോ സ്റ്റേഷനിലും അത് നിർത്തപ്പെടുന്നു. മറ്റുള്ള വണ്ടികൾ കടന്നുപോകുന്നു. സമൂഹവും അങ്ങനെയാണ്. ചിലരുടെ ജീവിതം അതിവേഗം മുന്നേറുമ്പോൾ, ചിലർ എന്നും കാത്തിരിപ്പിന്റെ പ്ലാറ്റ്ഫോമിൽ നിൽക്കുന്നു. വികസനത്തിന്റെ കണക്കുകൾ ഉയരുമ്പോഴും മനുഷ്യന്റെ ഏകാന്തത ആഴമാകുന്നു. നഗരങ്ങൾ വളരുമ്പോഴും മനുഷ്യബന്ധങ്ങൾ ചുരുങ്ങുന്നു. അധികാരം മുന്നോട്ട് കുതിക്കുമ്പോഴും സാധാരണ മനുഷ്യൻ പിന്നിലാകുന്നു. ഈ വൈരുധ്യങ്ങളെ കഥ അത്യന്തം ലളിതമായ ഭാഷയിൽ, എന്നാൽ ആഴമുള്ള പ്രതീകങ്ങളിലൂടെ തുറന്നുകാട്ടുന്നു. എമ്മാവൂസിലെ യാത്രയിൽ യേശു ഒരു കാര്യം ചെയ്തില്ല അവൻ ശിഷ്യന്മാരുടെ നടത്തത്തിന്റെ വേഗം കൂട്ടിയില്ല. അവരെ ശാസിച്ചില്ല. അവരുടെ ചോദ്യങ്ങൾ കേട്ടു. അവരുടെ ദുഃഖത്തോടൊപ്പം നടന്നു. പിന്നെ തിരുവെഴുത്തുകളിലൂടെ അവരുടെ ജീവിതത്തിന് പുതിയ അർത്ഥം നൽകി. അതാണ് യഥാർത്ഥ ദൈവസാന്നിധ്യം. അത് വേഗം ആവശ്യപ്പെടുന്നില്ല; സാന്നിധ്യമാണ് നൽകുന്നത്.



'വൈകിയോടുന്ന വണ്ടി'യും ഒടുവിൽ അതുതന്നെയാണ് ചോദിക്കുന്നത്. നാം മനുഷ്യരെ കേൾക്കുന്നുണ്ടോ? അതോ അവരുടെ കൂടെ ഒരേ വണ്ടിയിൽ യാത്ര ചെയ്തിട്ടും അവരെ കാണാതെ കടന്നുപോകുന്നുണ്ടോ? ഇന്ന് മനുഷ്യനെ ആദ്യം മതമാക്കുകയും, ജാതിയാക്കുകയും, വോട്ടാക്കുകയും, ഉപഭോക്താവാക്കുകയും ചെയ്യുന്നു; അവസാനം മാത്രമാണ് അവൻ മനുഷ്യനാകുന്നത്. ഈ കഥ ആ ക്രമം തിരുത്തുന്നു. ആദ്യം മനുഷ്യൻ; പിന്നെ മറ്റെല്ലാ അടയാളങ്ങളും. എമ്മാവൂസിൽ അപ്പം മുറിച്ച നിമിഷത്തിലാണ് ശിഷ്യന്മാരുടെ കണ്ണുകൾ തുറന്നത്. 'വൈകിയോടുന്ന വണ്ടി' വായിച്ചുകഴിഞ്ഞാലും അങ്ങനെ ഒരു നിമിഷം വായനക്കാരനിൽ സംഭവിക്കുന്നു. പെട്ടെന്ന് മനസ്സിലാകുന്നു ഈ വണ്ടിയിലെ യാത്രക്കാർ അപരിചിതരല്ല; അവരിൽ ഒരാൾ ഞാനാണ്. എന്റെ വൈകലുകളും, എന്റെ കാത്തിരിപ്പുകളും, എന്റെ മുറിവുകളും ഈ യാത്രയുടെ ഭാഗമാണ്.

'വൈകിയോടുന്ന വണ്ടി' ഒരു കഥ മാത്രമല്ല; എമ്മാവൂസിലേക്കുള്ള യാത്രയുടെ സമകാലിക രൂപമാണ്. യേശു ഇന്നും മനുഷ്യരുടെ കൂടെ നടക്കുന്നു. പക്ഷേ ഇപ്പോൾ അവൻ ഒരു പൊടിപിടിച്ച, സമയപ്പട്ടികയിൽ ഇടംപിടിക്കാത്ത, പല സ്റ്റേഷനുകളിലും ദീർഘനേരം നിർത്തിയിടപ്പെടുന്ന ഒരു വണ്ടിയിലാണ് യാത്ര ചെയ്യുന്നത്. ആ വണ്ടിയിൽ കയറിപ്പറ്റാൻ ധൈര്യമുള്ളവർക്കു മാത്രമേ ഒടുവിൽ അവന്റെ സാന്നിധ്യം തിരിച്ചറിയാൻ കഴിയൂ. കാരണം ദൈവം എപ്പോഴും വേഗത്തിന്റെ വണ്ടികളിലല്ല; മനുഷ്യത്വം ഇനിയും ഇറങ്ങിപ്പോകാത്ത വണ്ടികളിലാണ് യാത്ര ചെയ്യുന്നത്. ❑



ടി. സക്കറിയ മാണി അന്തരിച്ചു

കൊച്ചി: ഇൻകംടാക്സ് കർണാടക, ഗോവ മുൻ ചീഫ് കമ്മിഷണർ കോട്ടയം താഴത്തങ്ങാടി തട്ടുങ്കൽ സക്കറിയ മാണി (84) അന്തരിച്ചു. സംസ്കാരം ശനിയാഴ്ച ഉച്ചയ്ക്ക് 12-നു നെടുമാവ് സെന്റ് പോൾസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ത്രിതീയൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമികത്വത്തിൽ. ഭൗതികദേഹം നാളെ രാവിലെ 11.30 നു കൊച്ചി പനമ്പിള്ളി നഗർ കൈരളി അപ്പാർട്മെന്റ്സ് ഹാളിൽ പൊതുദർശനത്തിനു വയ്ക്കും. ശനിയാഴ്ച പുലർച്ചെ കോട്ടയത്തേക്കു കൊണ്ടുപോകും.

1966-ൽ ഇന്ത്യൻ റവന്യു സർവീസിൽ പ്രവേശിച്ച സക്കറിയ മാണി മഹാരാഷ്ട്ര, കേരളം, കർണാടക, ഗോവ, തമിഴ്നാട് സംസ്ഥാനങ്ങളിൽ വിവിധ ചുമതലകളിൽ പ്രവർത്തിച്ചു. കോമൺവെൽത്ത് നികുതി വിദഗ്ധ പാനൽ അംഗം, ആദായ നികുതി പരിഷ്കരണ കമ്മിറ്റി കൺവീനർ, ആദായ നികുതി നാഷനൽ അക്കാദമി അഡീഷനൽ ഡയറക്ടർ, പ്ലാന്റേഷൻ വിളകളിലെ കാർഷികേതര ആദായം നിർണയിക്കാനുള്ള വിദഗ്ധ സമിതി കൺവീനർ, കേരള വിൽപന നികുതി അപ്ലറ്റ് ട്രൈബ്യൂണൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു.

പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് ലക്ചറർ, പീരുമേട് എൻജിനീയറിങ് കോളജ് ഡയറക്ടർ, ഓർത്തഡോക്സ് സഭ വർക്കിംഗ് കമ്മിറ്റി, മാനേജിംഗ് കമ്മിറ്റി അംഗം, കോട്ടയം വൈദിക സെമിനാരി ഗവേണിംഗ് ബോർഡ് അംഗം, പോണ്ടിച്ചേരി ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസസ് അഡ്മിനിസ്ട്രേറ്റർ, വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജ് ഫിനാൻസ് കമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു.

2022 ഓഗസ്റ്റിൽ പത്തനാപുരം മൗണ്ട് താബോർ ദയറായിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ മുഖ്യ വരണാധികാരിയായിരുന്നു. സ്ലീബാദാസ സമൂഹത്തിന്റെ പ്രധാന ചുമതലക്കാരിൽ ഒരാളാണ്.

കേരളത്തിലെ സെന്റ് തോമസ് ക്രിസ്ത്യാനികളുടെ ചരിത്രം സംബന്ധിച്ച് എഴുതിയ 'സെന്റ് തോമസ് ക്രിസ്ത്യൻസ്' ഉൾപ്പെടെ ഒട്ടേറെ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഏതാനും ക്രിസ്ത്യൻ കീർത്തനങ്ങൾ രചിച്ച് സംഗീതം നൽകി ആലപിച്ചു റിക്കോർഡ് ചെയ്തിട്ടുണ്ട്. ഭാര്യ: ബിന്ദു സക്കറിയ (നിരണം ഇലഞ്ഞിക്കൽ കുടുംബാംഗം).

മക്കൾ: മഞ്ജു സക്കറിയ, മനോജ് സക്കറിയ, സുസൻ സക്കറിയ. മരുമക്കൾ: ഏബ്രഹാം ജോസഫ് മാരേത്ത്, സുമ ജോർജ് കുഴുത്താറ്റിൽ.

നിർമ്മല ഹൃദയത്തിന്റെ ഉടമ

മലങ്കരസഭയ്ക്ക് നിസ്തുലമായ സംഭാവനകൾ നൽകിയ പ്രിയ പുത്രനെയാണ് ശ്രീ. റ്റി. സഖറിയാ മാണി ഐ.ആർ.എസിന്റെ വേർപാടിലൂടെ നഷ്ടമാകുന്നത്. കോവിഡ് വ്യാപനം രൂക്ഷമായ 2022-ൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ വരണാധികാരിയായിരുന്നു അദ്ദേഹം. പ്രതിസന്ധിയുടെ കാർമേഘത്തിന് കീഴിലും ആത്മവിശ്വാസത്തോടെ തന്റെ ദൗത്യം പൂർത്തിയാക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ലോകം കണ്ടും അറിഞ്ഞും പഠിച്ചും വളർന്ന ഒരു സാമ്പത്തിക വിദഗ്ധന്റെ നൈപുണ്യം അദ്ദേഹത്തിന്റെ ഓരോ പ്രവൃത്തിയിലും പ്രകടമായിരുന്നു. പരിശുദ്ധ സഭയുടെ നിരവധി പ്രസ്ഥാനങ്ങൾക്ക് അദ്ദേഹത്തിന്റെ വിലയേറിയ ഉപദേശങ്ങൾ സഹായകമായിട്ടുണ്ട്. സഭാ സേവനത്തെ ആത്മീയ ശുശ്രൂഷയും സമർപ്പണവുമായി ദർശിച്ച പ്രിയ മാണി സാറിന്റെ വേർപാടിൽ മലങ്കരസഭയുടെ അനുശോചനം രേഖപ്പെടുത്തുന്നു. നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു. ദുഃഖിതരായിരിക്കുന്ന കുടുംബാംഗങ്ങൾക്ക് സർവ്വേശ്വരൻ ആശ്വാസം നൽകട്ടെ. പ്രാർത്ഥനാപൂർവ്വം

- പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ



റ്റി. റ്റി. ചാക്കോ അന്തരിച്ചു

വാഴൂർ: മലങ്കര സഭാ മുൻ മാനേജിംഗ് കമ്മിറ്റിയംഗവും, കോട്ടയം ഭദ്രാസനത്തിലെ വാഴൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് പള്ളി ഇടവകാംഗവുമായ റ്റി. റ്റി. ചാക്കോ അന്തരിച്ചു.

സഭയുടെ എം.ഡി. സ്കൂൾ ഗവേർണിംഗ് ബോർഡ് അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. സംസ്ക്കാരം പിന്നീട്.





Iype Varghese, Controller of Examinations, OSSAE; Head, Department of Social Work, BCM College, Kottayam (Autonomous); and National Secretary General, India Network of Professional Social Workers Associations, paid a courtesy visit to H.H. Abune Mathias I, Patriarch of the Ethiopian Tewahedo Orthodox Church, in the presence of Abune Melchisedek, Archbishop of the Diocese of Guragee, Ethiopian Tewahedo Orthodox Church.

The visit, facilitated by the Ecumenical Department of the Malankara Orthodox Syrian Church, also included visits to monasteries and various spiritual institutions of the Ethiopian Tewahedo Orthodox Church, providing an opportunity for fellowship, mutual learning, and a deeper appreciation of the rich spiritual heritage shared by the two sister Churches. The Ecumenical Department remains committed to fostering fraternal relations and strengthening the bonds of Christian fellowship between the Malankara Orthodox Syrian Church and the Ethiopian Tewahedo Orthodox Church.



Diocesan General Body held at Brahmavar Diocesan centre on 07-07-2026. Yakob Mar Elias Metropolitan presided the meeting.



പുലിക്കോട്ടിൽ ജോസഫ് മാർ ദീവാന്നാസിയോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തയുടെ 117-ാം ഓർമപ്പെരുന്നാൾ കൊടിയേറ്റ് കോട്ടയം പഴയ സെമിനാരിയിൽ ജേക്കബ് ജോൺ കോർഎപ്പിസ്കോപ്പാ നിർവഹിക്കുന്നു. ഫാ. സി. സി. ചെറിയാൻ, പഴയ സെമിനാരി മാനേജർ ഫാ. ജോബിൻ വർഗീസ്, ഫാ. ജോസ്, ഫാ. മത്തായിക്കുട്ടി എന്നിവർ സമീപം.



കുന്നത്തൂർ: തോട്ടത്തുംമുറി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ വജ്ര ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. കൊടിക്കുന്നിൽ സുരേഷ് എം.പി. ഉദ്ഘാടനം ചെയ്തു. ഡോ. ജോസഫ് മാർ ദീവന്നാസിയോസ് അധ്യക്ഷത വഹിച്ചു. ഉല്ലാസ് കോവൂർ എം.എൽ.എ. ലോഗോ പ്രകാശനം ചെയ്തു. സാമൂഹ്യ ജീവകാരുണ്യ പ്രവർത്തക ഡോ. മറിയ ഉമ്മൻ വജ്ര ജൂബിലി സന്ദേശം നൽകി. ഇടവക വികാരി ഫാ. മാത്യു പി. ജോസ്, ഫാ. മാത്യൂസ് തട്ടാരുതുണ്ടിൽ, കുന്നത്തൂർ ശാലേം മാർത്തോമ്മാ പള്ളി വികാരി ഫാ. ജോബി വി. ജോർജ്, മുൻ വികാരി ഫാ. ബഹനാൻ കോരുത്, ഗ്രാമ പഞ്ചായത്തംഗം വിപിൻകുമാർ.വി, ഇടവക ട്രസ്റ്റി ബാബു ജോർജ്, സെക്രട്ടറി അലക്സാണ്ടർ ജോർജ്, ജയ്സൺ ജെയിംസ് തുടങ്ങിയവർ പ്രസംഗിച്ചു.



കേരളാ കൗൺസിൽ ഓഫ് ചർച്ചസ് (കെസിസി) പത്തനംതിട്ട ജില്ലാ ഫെയ്ത്ത് & മിഷൻ കമ്മീഷന്റെയും കെ.സി.സി. ഏഴംകുളം സോണിന്റെയും ആഭിമുഖ്യത്തിൽ സെന്റ് തോമസ് ദിനാചരണവും എക്യൂമെനിക്കൽ സമ്മേളനവും ഏഴംകുളം നോർത്ത് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു. കേരളാ കൗൺസിൽ ഓഫ് ചർച്ചസ് പ്രസിഡന്റ് അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജില്ലാ ഫെയ്ത്ത് & മിഷൻ കമ്മീഷൻ ചെയർമാൻ ഫാ. ജോസഫ് സാമുവേൽ കറുകയിൽ കോർഎപ്പിസ്കോപ്പ അധ്യക്ഷനായിരുന്നു.



പാലക്കാട് ഒലവക്കോട് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി കൂദാശയോട് അനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ഗീവർഗീസ് മാർ പക്കോമിയോസ് ഉദ്ഘാടനം ചെയ്തു.




മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ മാർത്തോമാ ശ്ലീഹായുടെ ദു:ഖ്റോനോയും ദൈവാലയത്തിന്റെ ശിലാസ്ഥാപന പെരുന്നാളും ഡോ. യാക്കോബ് മാർ ഐറേനിയോസിന്റെ മുഖ്യ കാർമികത്വത്തിൽ നടന്നു. ഇടവകയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി രൂപീകരിച്ച 'ജീവസ്പർശം' പദ്ധതിയുടെ ലോഗോ പ്രകാശനവും പദ്ധതിയിലേക്കുള്ള ആദ്യ സംഭാവനയുടെ സ്വീകരണവും നിർവഹിക്കപ്പെട്ടു.



ബിഷപ്പ് വാൾഷ് വൊക്കേഷണൽ ട്രെയിനിങ് സെന്റർ

കോയമ്പത്തൂർ: താടാകം ക്രിസ്ത ശിഷ്യാ ആശ്രമത്തിന്റെ കീഴിലുള്ള ബിഷപ്പ് വാൾഷ് മെമ്മോറിയൽ ഹോസ്പിറ്റലിൽ രണ്ടു വർഷത്തെ NCVRT യുടെ ഹെൽത്ത് ആൻഡ് പാരാമെഡിക്കൽ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു. അടിസ്ഥാന യോഗ്യത +2. 15 വിദ്യാർത്ഥികൾ ഉള്ള ആദ്യ ബാച്ച് (2026-2028) ആശ്രമം ആചാര്യ ഫാ. മഹേഷ് പോൾ ഉത്ഘാടനം നിർവഹിച്ചു. ഹോസ്പിറ്റലിൽ അഡ്മിനിസ്ട്രേറ്റർ ഫാ. ജിബിൻ ഫിലിപ്പ്, ഡോ. രവി ഡോ. ഗ്രേസ്, ഡോ. മെറീന, ഡോ. ഡെന്നിസ് എന്നിവർ ആശംസകൾ അറിയിച്ചു.



ഡോ. സുരേഷ് മാത്യു മികച്ച ശാസ്ത്രജ്ഞരുടെ പട്ടികയിൽ

കോട്ടയം: എം.ജി. സർവകലാശാലാ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ പ്രഫസർ ഓഫ് എമിനൻസും സീനിയർ പ്രഫസറുമായിരുന്ന ഡോ. സുരേഷ് മാത്യു 'സൈ റാങ്ക് ഗ്ലോബൽ' പ്രഖ്യാപിച്ച ലോകത്തെ മികച്ച 5% ശാസ്ത്രജ്ഞരുടെ പട്ടികയിൽ ഇടം നേടി. കോട്ടയം മാർ ഏലിയാ കത്തീഡ്രൽ ഇടവകാംഗമാണ്.



കേരളത്തിൽ എത്തിയ ക്യൂബൻ അംബാസിഡർ പാമ്പാടി ദയറാ സന്ദർശിച്ചു. വർത്തമാനകാലത്തിൽ രാഷ്ട്ര ബന്ധങ്ങൾ ഊഷ്മളമായി തുടരണമെന്നും തൊഴിൽ, വിദ്യാഭ്യാസ, മെഡിക്കൽ രംഗങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കുവാൻ സാധിക്കുന്ന അവസരങ്ങൾ അനവധിയാണെന്നും അദ്ദേഹം പറഞ്ഞു. കേരള സന്ദർശനത്തിനെത്തിയ സംഘത്തിന് പരിശുദ്ധ കാതോലിക്കാ ബാവായുടെ പ്രത്യേക ആശംസകൾ നേർന്നു. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് അതിഥികളെ സ്വാഗതം ചെയ്ത് ഭദ്രാസനത്തിന്റെ ഉപഹാരം സമർപ്പിച്ചു.



വെടിക്കെട്ടിന് പകരം സ്നേഹഭവനം

ചന്ദനപ്പള്ളി: പ. കാതോലിക്കാ ബാവാ തിരുമേനിയുടെ സ്നേഹ ചലഞ്ചിലെ ആദ്യ ഭവനം കൂദാശ ചെയ്യപ്പെട്ടു. ചന്ദനപ്പള്ളി ഇടവകയും പള്ളിയിലെ പ്രവാസി കൂട്ടായ്മയും കൈകോർത്തപ്പോൾ സഫലമായത് സ്വപ്ന ഭവനം. മുണ്ടത്തിക്കോട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പള്ളികളിൽ വെടിക്കെട്ട് ഒഴിവാക്കി സ്നേഹഭവനങ്ങൾ സൃഷ്ടിക്കണമെന്ന ആശയം പ. കാതോലിക്കാ ബാവാ പങ്കുവെച്ചപ്പോൾ ആ സ്നേഹചലഞ്ച് ഏറ്റെടുക്കുന്നതായി ആദ്യം പ്രഖ്യാപിച്ചത് തുമ്പമൺ ഭദ്രാസനത്തിലെ ചന്ദനപ്പള്ളി വലിയ പള്ളി ആയിരുന്നു.



കേരള ഗവണ്മെന്റ് ഹൈക്കോടതി സ്പെഷ്യൽ ഗവണ്മെന്റ് പ്ലീഡർ ആയി നിയമിച്ച അഡ്വക്കേറ്റ് ബിജു സി. ഏബ്രഹാം. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ അംഗവും, മുളന്തുരുത്തി വെട്ടിക്കൽ ചക്കാലക്കൽ കുടുംബാംഗവുമാണ്.

ശ്രുതി സ്കൂൾ: അപേക്ഷ ക്ഷണിച്ചു

ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക് ആരംഭിക്കുന്ന ആരാധനാ സംഗീതം, എക്കാറാ സംഗീതം, ദേവാലയ ശബ്ദസംഗീത ക്രമീകരണത്തിന്റെ സംവിധാനം എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ജൂലൈ 26-നു മുൻപായി അയയ്ക്കണം.

വിവരങ്ങൾക്ക്:

+91 9656085384, www.srutimusic.org, srutimusics@gmail.com